Registered No. M-4485 Madras War Review, Malayalam—20-7-1945

യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂലായി 20-ാംനു, വെള്ളിയാഴ്ച [ലക്കം 44



ജപ്പാനെ മരവിപ്പിച്ചുവരുന്നു

ആക്രമണമട്ടത്തിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഉദ്ദിഷ്ടപ്രാപ്തിക്കു രണ്ടു പ്രധാന മാർഗ്ഗങ്ങളാണുള്ളത്:

ഒന്നു്, ജപ്പാ ദ്വീപുകളെ തികച്ചും വളയുക.

രണ്ടു്, ജാപ്പാനെ യുദ്ധസജ്ജമാക്കുന്ന എല്ലാ വിഭവങ്ങളും വ്യവസായവും ബോംബെറിഞ്ഞു നശിപ്പിക്കുക.

ജാപ്പ നാവികസേനയുടെ പൊരുതുവാനുള്ള പ്രാപ്തിയെ ഞങ്ങൾ മരവിപ്പിച്ചുവരുന്നു.

ഇപ്പോൾ ശത്രുവിന്റെ അന്തർപ്രതിരോധവ്യവസ്ഥകളെ പ്രഹരിക്കുന്നതിന്നു ഞങ്ങൾക്കു സാദ്ധ്യമാണു്. ബ്രിട്ടീഷ് പാസഫിക് ഫ്ലീററ്, മററു സഖ്യശക്തികൾ ഇവരാൽ സഹായിക്കപ്പെട്ട ഞങ്ങളുടെ സേനയുടെയും കപ്പൽപടയുടെയും ഏകോപിച്ച പരിശ്രമംമൂലമാണിതു സാദ്ധ്യമാവുന്നതു്.

—അഡ്മിറൽ നിമിററ്സ്, പാസഫിക്കിലുള്ള അമേരിക്കൻ നാവികസേനാധിപൻ, 1945 ജൂലായി 16-ാംനു ചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ

പരിപൂണ്ണ വിജയം വേണം

കാഠിന്യത്തിലും വ്യാപ്തിയിലും ഈ യുദ്ധവും ജമ്മനിക്കെതിരായ യുദ്ധംപോലെത്തന്നെ വമ്പിച്ചതാണ്. വിജയപ്രദമാകണമെങ്കിൽ അത്രതന്നെ പരിശ്രമം ഇതിന്നും ആവശ്യമാണ്.

നാം വിജയിക്കുന്നതിനെ തടഞ്ഞു നിർത്തുവാൻ യാതൊന്നിന്നും സാദ്ധ്യമല്ല. പക്ഷെ നമുക്കു വിജയം ശീഘ്രതരമാക്കുന്നതിന്നു വളരെ യത്നം ചെയ്യാൻ കഴിയും.

ജപ്പുഭടന്മാർ ഉന്മാദികളും, കടുത്തവരും സുശിക്ഷിതരുമാണ്. എന്റെ അനുഭവത്തിൽ, അവർ അവസാനംവരെ പൊരുതുമെന്ന് അനുഭവപ്പെട്ടിട്ടുണ്ട്. എല്ലാ സേനകളും അവസാനത്തെ ഭടനും വെടിയുണ്ടയും ഉള്ളവരെ പൊരുതുമെന്ന് പലപ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിലും അതു പ്രവൃത്തിയിൽ വരുത്തിയവർ ജപ്പുകൾ മാത്രമാണ്.

പകുതി ഭാഗത്തു സമരവും പകുതി ഭാഗത്തു സമാധാനവും ഉണ്ടാകാൻ നിവൃത്തിയില്ല. ഒന്നുകിൽ നമുക്കു പരിപൂണ്ണ വിജയംവേണം. അല്ലാത്ത പക്ഷം നാം അദ്ധസമാധാനവുമായി ഇഴഞ്ഞുപോകണം. ജപ്പാൻ പരാജയപ്പെടുന്നതുവരെയും നമുക്കാവശ്യമുള്ള പുരോഗതിയുണ്ടാവുകയില്ല.

—ലഫ്റ്റനന്റ് ജനറൽ സ്ലിം, 14-ാം പടയുടെ കമാണ്ടർ, 1945 ജൂലായി 11-ാംനു- ലണ്ടനിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ.

കടുത്ത സമരം

യുദ്ധം അവസാനിക്കുന്നതിന്നു മുമ്പു നമുക്കു കടുത്ത സമരങ്ങൾ ചെയ്യേണ്ടിവരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

—കമാണ്ടർ ഹാരോൾഡ് സ്റ്റാസ്സൻ, ജൂലായി 12-ാംനു- സാൻഫ്രാൻസിസ്കോവിൽനിന്ന്.

ഇന്ത്യയുടെ കർത്തവ്യം

ജമ്മനി തോററുവെങ്കിലും, ഇനി ജപ്പാനുണ്ട്. ലൂയി മൌണ്ട്ബാററൻ പ്രഭുവിന്നുള്ള താവളമാണ് ഇന്ത്യ എന്നു ഓമ്മിക്കേണ്ടതാണ്. കുറച്ചു കാലം ഇന്ത്യ അവരുടെ പരിശ്രമങ്ങൾ അധികരിപ്പിക്കേണ്ടിവരും.

—ലഫ്റ്റനന്റ് ജനറൽ ലോക്ഹാട്ട്, ബോംബേയിൽവെച്ചുള്ള ഒരു യോഗത്തിൽ.

*യുദ്ധകാലത്തിലെ ചൈനീസ് പദ്യസാഹിത്യം

(കെ. പി. കെ. ഉണ്ണി, ജാലഹള്ളി)

തദ്ദേശ ജനതയുടെ വിദ്യാഭ്യാസ പരിശീലന പന്ഥാക്കളിലൊന്നായ് പദ്യസാഹിത്യത്തെ പരിഗണിച്ചും പ്രയോഗിച്ചും വരുന്ന രാഷ്ട്രങ്ങളിലൊന്നാണ് ചൈന. സൌഹൃദവും സാമ്യതയും പുരാതന ചൈനീസ് പദ്യകൃതികളുടെ മാററു കുറിക്കാനുള്ള ഉരകല്ലുകളായിരുന്നു. തദ്ഫലമായ് തന്നെയാണ് ഇന്നത്തെ ചീനരുടെ സമാധാനകാംക്ഷപരമായ സ്വഭാവസംശുദ്ധിയും. പ്രൊഫസർ ഗൈൽസ് തന്റെ "ഹിസ്ററി ഓഫ് ചൈനീസ് ലിററേച്ചർ" എന്ന ഗ്രന്ഥത്തിൽ, ചൈന സാഹിത്യത്തിന്റെ പ്രഥമോൽകൃഷ്ടഗുണം "സാഹിത്യത്തിന്റെയും സ്വാഭിമാനത്തിന്റെയും ഒരു പ്രശാന്തസങ്കലന" മാണെന്ന് പറയുന്നു. പഴേതരായ പല പല കവികളും തത്വചിന്തകരും ജീവിതത്തെ കണ്ടപടി വിവരിക്കുവാൻ മാത്രമല്ല, ശരിയായ മാനവസൽസ്വഭാവസിദ്ധിക്കായുള്ള ആദർശനിഷ്ഠകളായ പാഠ്യപഠനവും കൂടി താങ്കളുടെ കവിതകൾ മൂലം നേടി. ഇവ്വിധം സ്വദേശാഭിമാനജനകവും, വേണ്ടിവന്നാലുയിരുപോലും ഉപേക്ഷിക്കാനുള്ള സന്നദ്ധതമനസ്ഥിതിയും ചിന്തുന്നവയാണു ചൂയുവാന്റെ "ലാമൻറും" ടുഫുവിന്റെ പദ്യാവലികളും, ചൈനക്കാർ കരുതിവരുന്ന ഇതരകാവ്യരത്നങ്ങളും. എന്നാൽ പത്തൊമ്പതാം ശതവർഷത്തിൽ, ആ മട്ടിതരായ ചൈനകാവ്യകാരകന്മാർ തങ്ങളുടെ ആദികാവ്യങ്ങളുടെ ആന്തരതത്വം വിസ്മരിച്ച് പദ്യങ്ങളുടെ മാമൂലനുസരിച്ചുള്ള ചടങ്ങുകളിലും ചട്ടങ്ങളിലും കൂടുതൽ ശ്രദ്ധപതിപ്പിച്ചു. എങ്കിലും സവ്വജനാഭീഷ്ടമായ്തന്നെ പഴയ പല്ലവി പരിലസിച്ചു.

എന്നാൽ യുദ്ധാരംഭം തൊട്ട് ചൈന ജീവിതത്തിൽ പലേടങ്ങളിലും പല മാററങ്ങളുമേററ കൂട്ടത്തിൽ പദ്യസാഹിത്യത്തിന്നു ചില ഭേദഗതികളെല്ലാം വന്നുചേർന്നു.

കഴിഞ്ഞ നൂറു കൊല്ലങ്ങളായിട്ട് ഇവരുടെ പഴയ പദ്യരീതികൾക്കു പറയത്തക്ക പരിണാമമൊന്നുമുണ്ടായിട്ടില്ല; അവയ്ക്കു വേണ്ടത്തക്ക ഉശിര് പോരായിരുന്നു. എന്നാൽ സമരസമാഗമം ഇവയ്ക്കുള്ളിൽ ഒരു നവ്യചൈതന്യം കുത്തിച്ചെലുത്തി. പാശ്ചാത്യർ പറയുംപോലെ "ന്യൂ വൈൻ ഇൻ ഓൾഡ് ബോട്ടൽസ്" എന്ന മട്ടായിത്തീർന്നു. പക്ഷെ ഈ നവ്യപ്രവാഹപ്രാബല്യം പഴയ കൂടിനെ പാടെ വിപാടനം ചെയ്കയല്ല, യഥോചിതം രൂപാന്തരപ്പെടുത്തുകയാണ് ചെയ്തത്.

1937 ജൂലായി 7-ാംനു- മാക്കോ പോളൊ ബ്രിഡ്ജിന്മേൽനിന്നത്ഭുതങ്ങളായ പീരങ്കി മുതലായവയുടെ തീവ്രാട്ടഹാസങ്ങൾ ഒരു മഹനീയ കാലദശയുടെ തുടക്കത്തെ പ്രഖ്യാപനം ചെയ്തു. അന്ന് സംഗതിവശാലൊത്തുകൂടിയ ഒരു കവിസമ്മേളനം പ്രസ്തുത ഭീമവിക്ഷയത്തെപ്പററി എഴുതുവാനേകോപിച്ചുത്സാഹിച്ചു. അതേവർഷം ഡിസെമ്പർ 4-ാംനു- "ചൈനീസ് വാർ റെവ്യൂ" "ചൈന അററ് വാർ" എന്ന വിശേഷാൽ പ്രതിയും പുറത്തിറക്കി. ഷാങ്കെയിൽവെച്ചു നടന്ന ചൈനാ-ജപ്പാൻ പോരിനെപററി ഏററവും നല്ലതായ് രചിക്കപ്പെടുന്ന പദ്യത്തിന്ന് രണ്ടായിരത്തഞ്ഞൂറ് അമേരിക്കൻ ഡാളർ ഇനാം കൊടുക്കപ്പെടുമെന്ന് ഈ പത്രം പരസ്യം ചെയ്തു. നാടാസകലമുള്ള പത്രപ്രവത്തകന്മാർ അരയും തലയും മുറുക്കി. എന്നാലക്കാലത്ത് പദ്യപംക്തിയിലേക്കു മാത്രമായ് വിനിയോഗിക്കപ്പെട്ട മാസികകളൊന്നുമില്ലായിരുന്നതിനാൽ ഹാങ്കോവിൽ "ദി പോയററ്സ് ഫോറം" ആവിർഭവിച്ചു.

ചൈനക്കാക്കെല്ലാം പദ്യത്തിനോടു വലിയൊരു പ്രതിപത്തിയാണ്. മഹാന്മാരായ്ത്തീന്നിട്ടുള്ളവരെല്ലാം തങ്ങളുടെ ബാല്യദശയിൽ കവിതയെഴുതിയിട്ടുണ്ട്. സുപ്രസിദ്ധ നേതാവായ ചിയാംഗ് കേയ് ഷേക്ക്, 13 വയസ്സു മാത്രം പ്രായമായിരിക്കുമ്പോൾ തന്റെ ഗുരുനാഥൻ മുളയെപ്പററി രണ്ടു വരിയെഴുതുവാൻ ആവശ്യപ്പെട്ട പ്രകാരം എഴുതിയതു നോക്കുക.

"എൻകണ്ണിലിഗ്ഗിരികൾ ഹാ, മുള, വേനലേ [യും
തീക്കുന്ന ശീതമയമായിവയെന്നു തോന്നും"

ഇതിൽ മുളയെന്നത് മനുഷ്യന്റെ മഹാമനസ്കതയെയാണ്—മിക്ക ചൈനീസ് കവിതകളിലും സവ്വസാധാരണമായൊരുൽപ്രേക്ഷയാണിതു് ദ്യോതിപ്പിക്കുന്നത്. പിന്നീടു 21 വയസ്സ് ചെന്നപ്പോൾ അദ്ദേഹം എഴുതിയ കവിതയിലിരുവരികളാണിവ:

"പാവനമാകുമീ മേദിനി തന്നെയും-
വീണ്ടെടുത്തെന്മുറ ഞാനനുഷ്ഠിച്ചിടും."

രണാങ്കണ മുന്നണിയിലുള്ള മിക്ക ജനറൽമാരും ഇന്നും കവിതയെഴുതി ചൈന ചരിത്രനായകന്മാരായ യൂഫേയ്, ചി ചികാംൻ എന്നു തുടങ്ങിയവരുടെ പരമ്പരപ്രശസ്തതയെ നിലനിർത്തുന്നതിൽ അതീവ ഉത്സുകരാണ്.

ചൈനീസ് പദ്യങ്ങൾ മൊത്തത്തിൽ രണ്ടു തരത്തിലാണ്: (1) 5 ഉം, 7 ഉം, അക്ഷരങ്ങളുടങ്ങിയ വരികളുള്ളവ, (2) അഥവാ രണ്ടും ഇടകലന്നവ. സുദീർഘങ്ങളായ പദ്യങ്ങൾ ഈ സമ്പ്രദായമാണ് അംഗീകരിച്ചിരിക്കുന്നത്. പിന്നീടു നന്നാലും എട്ടെട്ടും വരികളുള്ളവ രൂപമെടുത്തും ഔദ്യോഗിക പരീക്ഷാത്ഥമായിട്ടാണ് ഇവയെ ഉപയോഗപ്പെടുത്തിയിരുന്നത്. ഇത്തരം പദ്യങ്ങളാണു ജനാഭിരുചി അധികം നൽകിയിരുന്നതും യുദ്ധകാലങ്ങളിലൂതകിയതും. എൺപതു വയസ്സ് പ്രായമെത്തിയ അഡ്മിറൽ സാചെൻ-പിങ് എന്ന ഉദ്യോഗമൊഴിഞ്ഞ ആൾ മേലെഴുതിയ രീതിയിൽ അനവധി പദ്യങ്ങൾ യുദ്ധകാലത്തിന്നിടയിൽ എഴുതിയിട്ടുണ്ട്. വേറെയും മണ്ടു ജനറൽമാരായ കുങ് കെങ് ഉം

(ശേഷം 8-ാം പേജിൽ)

*പ്രൊഫസ്സർ "ലൂചിയെൻ" ന്റെ ഒരു ലേഖനം ആലംബം.

യുദ്ധസഞ്ചിക

പ്രതിവാരപത്രം

മദിരാശി : 1945 ജൂലായി 20-ാംനു-, വെള്ളിയാഴ്ച

വിമാനങ്ങളുടെ വീരകൃത്യങ്ങൾ

1942 ൽ അതേവരെയും അജ്ഞാതനായിരുന്ന അമേരിക്കക്കാരൻ—ഡൂലിററിൽ—ഒരതിശയം പ്രദർശിപ്പിച്ചു. ആദ്യമായി അദ്ദേഹമാണു് ടോക്കിയോവിൽ ബോംബെറിഞ്ഞതു്. അതേവരേയും ആ സാധ്യതയെപ്പററി ആരും അറിഞ്ഞിരുന്നില്ല. ആ ഇരുണ്ട നാളുകളിൽ ഡൂലിററിൽ ചെയ്ത അത്ഭുതകൃത്യം ജനങ്ങളെ വിസ്മയസ്തിമിതരാക്കി; മാത്രമല്ല അവരിൽ കൂടുതൽ ഉത്സാഹവും ഉദ്വേഗവും ഉദിപ്പിക്കുകയും ചെയ്തു. ഇന്നു് ആ അത്ഭുതകൃത്യം ഒരു സാധാരണ സംഭവം മാത്രമായിത്തീർന്നിരിക്കുന്നു. പത്രങ്ങളിൽ, ദിനംതോറും അഞ്ഞൂറോളം സൂപ്പർ ഫോർട്ട് വിമാനങ്ങൾ ടോക്കിയോവിന്മേലും മററു ജാപ്പ നഗരങ്ങളിന്മേലും ബോംബെറിഞ്ഞ വാർത്തകൾ കണ്ടുവരുന്നു.

ജപ്പാൻ യുദ്ധം ആരംഭിച്ചതു് ഒരു ശുഭാവസരത്തിലാണു്. ജാപ്പുകൾക്കു് ആദ്യകാലത്തു വിജയത്തിന്നുള്ള സകല ഉപാധികളും ഉണ്ടായിരുന്നു. ജർമ്മനിയും ഇററലിയുമായി സഖ്യശക്തികൾ ഒരു ജീവന്മരണ സമരം നടത്തുമ്പോഴാണു് അവർ യുദ്ധത്തിന്നൊരുമ്പെട്ടതു്. മാത്രമല്ല ദൂരം അന്ന അവൎക്കു ഒരനുഗ്രഹമായിത്തീർന്നു. ജപ്പാന്നു അന്നു വേണ്ട വിമാനബലവും ഉണ്ടായിരുന്നു. പേൾ ഹാർബർ ആക്രമണാവസരത്തിൽ അവർ അതു വേണ്ടവിധം ഉപയോഗപ്പെടുത്തുകയും ചെയ്തു.

എന്നാൽ ജപ്പാന്റെ ആക്രമണം വഞ്ചനാപരമായ ഒരു പരിതസ്ഥിതികൾക്കിടയിലാണു് സമാരംഭിക്കപ്പെട്ടതു്. വാഷിങ്ടനിൽ ജാപ്പ വക്താക്കൾ സേവ പറഞ്ഞുകൊണ്ടിരിയ്ക്കുമ്പോഴാണു് ജാപ്പ വൈമാനികർ പേൾ ഹാർബറിന്മേൽ ബോംബുകളെറിഞ്ഞിരുന്നതെന്ന വസ്തുത എല്ലാവൎക്കും അറിവുള്ളതാണു്. അന്നു് ജപ്പാന്നു് ശാന്തസമുദ്രത്തിൽ ആധിപത്യം നേടുന്നതിന്നു 3,000 വിമാനങ്ങളും 400,000 സേനകളേയുമാത്രമേ വിനിയോഗിക്കേണ്ടിവന്നുള്ളൂ. പക്ഷെ ജാപ്പാന്റെ ആയുധബലം ഇതിന്നുശേഷം അധികരിച്ചുകൊണ്ടേയിരുന്നു. അതേമാതിരിതന്നെ സഖ്യശക്തികളുടേയും. നാസി ജർമ്മനിയുമായുള്ള സമരം സഖ്യശക്തികൾക്കു് സമര സംബന്ധിയായ പല പാഠങ്ങളും പരിചയങ്ങളും നൽകി. ബർമ്മയിൽ സേനകൾക്കു് സാമഗ്രികൾ നൽകുന്നതിന്നു വിമാനമാർഗ്ഗം സാധ്യമായി. അതേസമയത്തു, വിദൂരപൌരസ്ത്യദേശത്തേയ്ക്കുള്ള ദൂരത്തെ വിജയിച്ചു വിദഗ്ദ്ധമാംവിധം സമരം ചെയ്യണമെങ്കിൽ കൂടുതൽ ഫലപ്രദവും, ശീഘ്രതയുള്ളതുമായ ആയുധങ്ങൾ വേണമെന്നു സഖ്യശക്തികൾക്കു് തികച്ചും ബോധ്യമായിരുന്നു. ഇന്നു് ആ സംഗതികൾ പലതും സാധ്യമായിട്ടുണ്ടു്. യൂറോപ്പിലെ ആകാശവീഥിയിൽനിന്നും വൈദഗ്ദ്ധ്യം നേടിയ തഴക്കവും പഴക്കവും ചെന്ന ആ വൈമാനികന്മാർ, 8-ാം, 9-ാം വിമാനസേനയിലെ ഭടന്മാർ പാസഫിക്കിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യത്തിലാണു്. എത്ര വിമാനങ്ങൾ വരുമെന്നു പറയാൻ വയ്യ, എങ്കിലും ഈ കൊല്ലാവസാനത്തിൽ ഉദ്ദേശം 50,000 വിമാനങ്ങൾ ഉപയോഗപ്പെടുത്തുന്നതായിരിക്കുമെന്നു കണക്കാക്കാം.

ഇക്കൊല്ലത്തിൽ ജപ്പാന്നെതിരായ യുദ്ധത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം ആയിരമായിരം വിമാനങ്ങൾക്കു് വേണ്ട താവളങ്ങളും, തുറമുഖങ്ങളും, മാർഗ്ഗവും, ശേഖരങ്ങളും ലഭിക്കുന്നതിന്നുവേണ്ടിയായിരുന്നു. ഇന്നു മൂന്നു പ്രധാന യുദ്ധരംഗങ്ങളുണ്ടാവുന്നുണ്ടു്. നീതർലാണ്ടു് ദ്വീപുകൾ, മലയ, ആസ്ത്രേലിയക്കടുത്തുള്ള ചില ദ്വീപുകൾ, രണ്ടാമത്തേതു്, ചൈന, ഇന്തോ-ചൈന, സയാം, മൂന്നാമത്തേതു് ജാപ്പ ദ്വീപുകളും, കൊറിയയും, മഞ്ചൂറിയയും—ഈ ആക്രമണത്തിന്നുള്ള മാർഗ്ഗം തെളിയിച്ചു കഴിഞ്ഞു. ജാപ്പ ദ്വീപിന്റെ പരിസരത്തിൽ സഞ്ചരിച്ചുവരുന്ന കടൽസേനയെക്കൂടി ഇപ്പോൾ ആക്രമിക്കപ്പെട്ടുവരുന്നു. ജപ്പാന്റെ വിമാനസേനയ്ക്കും, നാവികസേനയ്ക്കും വമ്പിച്ച ഉടച്ചൽ തട്ടിയിട്ടുണ്ടു്. 250 യുദ്ധക്കപ്പലുകളും 17,000 വിമാനങ്ങളും ശത്രുവിന്നു നഷ്ടമായിട്ടുണ്ടു്.

സുമാത്ര, ജാവ, സിങ്കപ്പൂർ എന്നീ സ്ഥലങ്ങളെ ആക്രമിക്കുന്നതിന്നുള്ള സമയം സമാഗതമായിത്തുടങ്ങിയതായി നമുക്കു അനുമാനിക്കാവുന്നതാണു്. ഫിലിപ്പൈനിലെ വിജയം ചൈന, ഇന്തോ ചൈന എന്നീ പ്രദേശങ്ങളിലേയ്ക്കു കടക്കുന്നതിന്നുള്ള ഒരു ചവിട്ടുപടിയാകാനിടയുണ്ടു്. സാക്ഷാൽ ജപ്പാന്നെതിരായിട്ടുള്ള ആക്രമണത്തിന്നുവേണ്ട സംരംഭങ്ങൾ ഇവോജിമയിലും, ഒക്കിനാവയിലും ചെയ്യപ്പെട്ടുവരുന്നു.

യുദ്ധാനന്തരം ദൂരത്തെ വെന്ന ഈ അത്ഭുതങ്ങൾ എങ്ങിനെയാണു് പ്രത്യക്ഷപ്പെടുക? പണ്ടു് ആഴ്ചകൾ വേണ്ടിവന്നിരുന്ന ദൂരം ഇന്നു ഒരൊററ ദിവസംകൊണ്ടു തരണം ചെയ്യാറായിരിക്കുന്നു. വിമാനങ്ങൾ വിജയകരമായ യുദ്ധത്തെമാത്രമല്ല, വിജയകരമായ സമാധാനത്തെക്കൂടി മനുഷ്യലോകത്തിന്നു നൽകുന്നു.

സോയ ആൻഡ്രയേവ

ഗ്രാമീണ വിദ്യാലയത്തിലെ അദ്ധ്യാപിക ഒരു റിപ്പബ്ലിക്കിന്റെ തന്നെ അദ്ധ്യക്ഷയായി

(എൻ. ലബ്ചോവസ്കി.)

ഒരുവക്കെ വനിതാ പ്രസിഡെണ്ടുള്ള ഒരു റിപ്പബ്ലിക്കു് ലോകത്തിൽ ഇതൊന്നുമാത്രമെ ഉണ്ടാക്കിരിക്കയുള്ളൂ. അവളുടെ പേർ സോയ ആൻഡ്രയേവ എന്നാണു്. ആദ്യം അവർ ഒരു ഗ്രാമവിദ്യാലയത്തിലെ അദ്ധ്യാപികയായിരുന്നു. എന്നാൽ ഇന്നാവട്ടെ, ചുവാഷ് സ്വയംഭരണ സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ അദ്ധ്യക്ഷയാണു്.

വിപ്ലവത്തിന്നുമുമ്പു് ചുവാഷ് അസ്വാതന്ത്ര്യവും, അപരിഷ്കൃതവും ദാരിദ്ര്യം നിറഞ്ഞതുമായ ഒരു ദേശമായിരുന്നു. പട്ടിണി, വ്യാധി ഇവയുടെ പാർപ്പിടമായിരുന്നു ഈ ദേശം. എന്നാൽ ഇന്നു് ആൻഡ്രയേവയുടെ റിപ്പബ്ലിക്കു് അതെല്ലാം നശിപ്പിച്ചുകഴിഞ്ഞു. ഏഴു കൊല്ലങ്ങൾക്കു മുമ്പാണു് ഈ റിപ്പബ്ലിക്കു് ഒരു വനിതയെ അതിന്റെ അദ്ധ്യക്ഷയായി തെരഞ്ഞെടുത്തതു്. റിപ്പബ്ലിക്കിന്റെ സുപ്രീം സൊവിയററിന്റെ അദ്ധ്യക്ഷസ്ഥാനം സോയ ആൻഡ്രയോവയ്ക്കു് നൽകപ്പെട്ടു.

പട്ടിണിയുടെ കൂത്തരങ്ങും 350 കുടിലുകൾ മാത്രമുള്ളതുമായ ഒരൊഴിഞ്ഞ ഗ്രാമത്തിലാണു് ആൻഡ്രയേവ പിറന്നതു്. മാലിന്യത്തിന്റേയും പട്ടിണിയുടേയും മദ്ധ്യത്തിൽക്കിടന്ന മററു കൃഷകന്മാരെപ്പോലെത്തന്നെ അവളും ജീവിച്ചു. ഭൂമി ഫലപുഷ്ടമായിരുന്നു; എന്നാൽ കൃഷിക്കാൎക്കു് കൃഷി ചെയ്യുന്നതിന്നു വേണ്ട പ്രാഥമികോപകരണങ്ങൾ കൂടിയില്ലായിരുന്നു. പാവപ്പെട്ട ആ ജീവികൾ അവരുടെ ദുരിതങ്ങളൊന്നുംതന്നെ അറിയാതെ അങ്ങിനെ ജീവിച്ചു. ആരെങ്കിലും ഈ ദുരവസ്ഥയും ദൌർഭാഗ്യജീവിതവും കണ്ടു സങ്കടപ്പെടുകയും, സഹതപിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അതു ആ ഗ്രാമത്തിലെ സോയ ആൻഡ്രയേവയുടെ പിതാവു മാത്രമായിരുന്നു. അന്നു അദ്ദേഹം ആ പാവങ്ങളെപ്പററി പറയാറുള്ളതെല്ലാം സോയ അക്ഷരംപ്രതി ശ്രദ്ധിച്ചു. അതെല്ലാം അവരുടെ അജ്ഞതയാലാണെന്നുള്ള ജ്യേഷ്ഠത്തിയുടെ ആക്ഷേപം പലപ്പോഴും ആവൎത്തിച്ചു് കേട്ടുതുടങ്ങിയ മുതൽ സോയ താനൊരു അദ്ധ്യാപികയാവണമെന്നു ആശിച്ചു തുടങ്ങി. അവൾ ഉപരിപഠനം മതിയാക്കിയ ആ സന്ദർഭത്തിലാണു് സോവിയററ് വിപ്ലവം ഉണ്ടായതു്.

ഇപ്പോൾ ഒരൊഴിഞ്ഞ ഗ്രാമനിവാസികൾ തങ്ങളുടെ ഈ നാട്ടുകാരിയെപ്പററി അഭിമാനപുരസ്സരം പ്രസ്താവിക്കാറുണ്ടു്. ആൻഡ്രയേവയെ സുപ്രീം സോവിയററിലേക്കു തെരഞ്ഞെടുത്ത ആ സുദിനം അവർ കേമമായി ആഘോഷിക്കുകതന്നെ ചെയ്തു.

അവരെ കാണണമെന്ന ഉദ്ദേശത്തോടെ ഞാൻ സുപ്രീം സോവിയററ് മന്ദിരത്തിൽ ചെന്നപ്പോൾ ചിലർ പറഞ്ഞു: "ആൻഡ്രയേവയെ കാണുന്നതിന്നു നിങ്ങൾ വന്ന സമയം പററിയില്ല. അവർ നാട്ടിൻപുറങ്ങൾ പരിശോധിക്കുവാനുള്ള ഒരു യാത്രയ്ക്കു ഭാവിക്കുകയാണു്." സിക്രട്ടറി അതിന്നുശേഷം മെമ്മൊ നോക്കിപ്പറഞ്ഞു: "നിങ്ങൾക്കു അവരെ ശനിയാഴ്ച കാണാം. അസാധാരണമായി ഒന്നും ഉണ്ടാവാത്തപക്ഷം അവർ അന്നേയ്ക്കു മടങ്ങിവരും."

ഇന്നും അവർ ഒരദ്ധ്യാപിക തന്നെയാണു്. പക്ഷെ അവരുടെ അദ്ധ്യാപനത്തിന്റെ വ്യാപ്തിയും പദവിയും വർദ്ധമാനമായിരിക്കുന്നുവെന്നുമാത്രം. അവരുടെ ഉദ്ദേശങ്ങളെ ഒക്കെ അവർ വ്യക്തമാക്കി. വിദ്യാഭ്യാസമാണു അവരുടെ പ്രധാന ലക്ഷ്യം. കാരണം അവിടുത്തുകാർ ചിരകാലം അജ്ഞതയിലാണ്ടുകിടന്നവരാണു്. "ഞങ്ങൾ ജനങ്ങളെ എഴുതാനും വായിക്കാനും പഠിപ്പിക്കണം. അക്ഷരാഭ്യാസത്തിന്നുശേഷമെ സംസ്കാരം ഉണ്ടാവുകയുള്ളൂ." അവർ പുഞ്ചിരിതൂകി! അതു് ഒരു അദ്ധ്യാപികയുടെ പുഞ്ചിരിയായിരുന്നു. അപ്പോൾ എനിക്കു മനസ്സിലായി അവരെന്തുകൊണ്ടാണു് ആ റിപ്പബ്ലിക്കിന്റെ അദ്ധ്യക്ഷയായതെന്നു്.

ആഴ്ചക്കുറിപ്പുകൾ

പോട്സ്ഡാം സമ്മേളനം

പോട്സ്ഡാമിൽവെച്ചു ചേരുന്ന 'ത്രിമൂർത്തി' സമ്മേളനത്തിൽവെച്ച് പല പ്രധാന കാര്യങ്ങളും ആലോചിക്കപ്പെടും. നാസികളുടെ രാജ്യത്തിൻെറ ഹൃദയത്തിൽ—ബർല്ലിനിൽ—വെച്ചു തന്നെ, തകർന്ന താറുമാറായ യൂറോപ്പിലെ കാര്യങ്ങൾ ആലോചിക്കുന്നതിൽ ചരിത്രപരമാത്രമമായില്ല ഭൂമിശാസ്ത്രപരമായുംകൂടി ഒരു പ്രാധാന്യമുണ്ട്. സൈനികജർമ്മനിയുടെ അന്തർദ്ധാനനാടകത്തിലെ അവസാനരംഗമാണിതു്. പ്രഷ്യൻ ദുർമ്മോഹത്തിന്ന പാഞ്ഞുകയറുന്നതിന്നുള്ള പഴുതുകളോളുംകൂടിയ വെർസെയിൽസാവില്ല ഇതു്. ലോകത്തിന്ന പ്രത്യേകിച്ചും, യൂറോപ്യൻ രാഷ്ട്രങ്ങൾക്ക് ശുഭപ്രതീക്ഷയോടെയും, വിശ്വാസത്തോടെയും ഈ സമ്മേളനത്തിൻെറ ഫലങ്ങളെ കാത്തിരിക്കാവുന്നതാണ്. യൂറോപ്പ് വീണ്ടും സമാധാനപരമായ ഒരന്തരീക്ഷത്തിലേക്കു നയിക്കപ്പെടണമെങ്കിൽ, അതിന്ന് ഒരായിരം മുൻസ്ഥിതികൾ ഇന്നാവശ്യമാണ്. ഒരു പുതിയ ലോകരീതി സൃഷ്ടിക്കുന്നതിന്നുള്ള പ്രാഥമിക ചടങ്ങുകളാണവ. യുദ്ധാനന്തരപ്രശ്നങ്ങളെ മാത്രമല്ല, ഒരു നല്ല സാമൂഹ്യസമ്പ്രദായവും രാഷ്ട്രീയഘടനയും രാഷ്ട്രീയ വ്യവസ്ഥയും യൂറോപ്പിലും, അതേപോലെ മററു രാജ്യങ്ങളിലും വ്യവസ്ഥാപിതമാകുന്നതിന്നും, അങ്ങിനെ ഒരു പുതിയ യുഗം തന്നെ ആവിഷ്കരിക്കുന്നതിന്നും ഉതകുകയും ഉദ്ദേശിക്കുകയും ചെയ്യുന്ന മററു പല സമ്മേളനങ്ങളും ഉണ്ടാകട്ടെ എന്നു നമുക്കു പ്രത്യാശിക്കാം.

ഇന്ത്യയും യു.എൻ.ആർ.ആർ.എ.യും

യു.എൻ.ആർ.ആർ.എ. (യുണൈററഡ് നേഷൻസ് റിലീഫ് ആൻറ് റീഹാബിലിറേഷൻ അഡ്മിനിസ്ട്രേഷൻ) യുടെ രാജ്യതന്ത്രോപദേശകനായ മി. ഫ്രാൻസിസ് ബി. സെയ്റേ ഇപ്പോൾ ഇന്ത്യയിൽ പര്യടനം നടത്തിവരികയാണല്ലോ. അദ്ദേഹം സിംലയിൽവെച്ച് നടത്തിയ ഒരു പത്രസമ്മേളനത്തിൽ ജൂലായി 11-ാംനു ഇങ്ങിനെ പ്രസ്താവിച്ചു: "ഇന്ത്യക്കാർക്കു ഇന്നു ആവശ്യമുള്ള ആ ഭക്ഷണം ഇന്ത്യയിൽനിന്നു കൊണ്ടുപോകണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഇന്ത്യയിലുണ്ടാവുന്ന മിച്ച സാമാനങ്ങൾ—അങ്ങിനെ മിച്ചമുണ്ടായിക്കാണണമെന്നാണ് ഞങ്ങൾ ആശിക്കുന്നതു്—ഇന്ത്യാ ഗവർമ്മേണ്ടിൻെറ അനുമതിയോടെയും സഹായത്തോടെയും കൂടുതൽ ആവശ്യമുള്ള സ്വാതന്ത്ര്യരാജ്യങ്ങൾക്കു എത്തിച്ചുകൊടുക്കുകയാണ് ഞങ്ങളുടെ ഉദ്ദേശം. മനുഷ്യൻെറ കഷ്ടതകളിന്മേൽ സുരക്ഷ കെട്ടിപ്പടുക്കാൻ മേലാ." ഇന്ത്യക്കാരെ തികച്ചും സംതൃപ്തമാക്കുന്നതും ഇളക്കിവിടുന്നതുമായ ചില അഭിപ്രായങ്ങളാണിവ. ഇന്ത്യയിൽനിന്നു യു.എൻ.ആർ.ആർ.എ. പ്രതീക്ഷിക്കുന്നതു് ചണയും, ചിലതരം എണ്ണയുമാണ്. അമേരിക്കയിൽ കൂടി, ചില തരം ഭക്ഷണങ്ങൾ വിഹിതമാക്കുകയും, ബ്രിട്ടനിൽ വളരെ അതിർകടന്ന റേഷൻ സമ്പ്രദായം നിലവിലിരിക്കുകയും ചെയ്യുമ്പോൾ, ഇന്ത്യക്കാർ അവരുടെ മിച്ചത്തെ കൂടുതൽ പേരുടെ നന്മക്കായി വിനിയോഗിക്കണമെന്നു പറയുന്നതു് തികച്ചും ന്യായവും ആവശ്യവുമാണ്. ഫ്രാൻസ്, യു.എൻ.ആർ.ആർ.എ. യുടെ സഹായമില്ലാതെതന്നെ കഴിഞ്ഞുകൂടാൻ ശ്രമിച്ചുവരുന്നു. എന്നാൽ സാമ്പത്തികമായി അത്രമാത്രം തകർന്നുകഴിഞ്ഞ ഹോളണ്ടിനെപ്പോലെയുള്ള കൊച്ചുരാജ്യങ്ങൾക്കു തീർച്ചയായും സഹായം കൂടിയേ കഴിയൂ. ഐക്യരാഷ്ട്രങ്ങളുടെ സാമ്പത്തികസാമൂഹ്യസമിതിയുടെ അദ്ധ്യക്ഷനായ സർ രാമസ്വാമി മുതലിയാർ സാർവ്വലൌകികസാമ്പത്തിക സഹകരണത്തിൻെറ ആവശ്യകതയെക്കുറിച്ച് പ്രത്യേകം എടുത്തു പ്രസ്താവിക്കുകയുണ്ടായി. ഈ വീക്ഷണഗതിയുള്ളവരെല്ലാം സെയ്റെയ്സ് വിജയമാശംസിക്കുകതന്നെ ചെയ്യും.

ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക





വീണ്ടും ബർമ്മയിൽ

വെള്ളപൊക്കം നിറഞ്ഞ ബർമ്മയിൽ സിററാംഗ് നദിയ്ക്കരികിൽ 60,000 ജാപ്പുകൾ വീണ്ടും ഉഗ്രമായി ചെറുക്കുന്നതായി റിപ്പോർട്ടുകൾ കാണുന്നു. ഇതു കുറിക്കുന്നതു് ശത്രുഭടന്മാരുടെ കടുത്ത മട്ടിനെയാണ് മരണം വരെയും ജാപ്പുഭടൻ തോററതായി ഗണിക്കുകയില്ല. പത്തു അടിയോളം വെള്ളമുള്ള സ്ഥലത്തു പരാജിതനായ ശത്രുവിനെ നായാടിത്തിരഞ്ഞുപിടിക്കുന്നതിന്നു ആരും തുനിയുകയില്ല. എന്നാൽ കീഴടങ്ങാതെ ഏതാണ്ട് 10,000 ചിന്നിച്ചിതറപ്പെട്ട ജാപ്പുഭടന്മാർ ഇന്നും ചെറുത്തുവരുന്നു. ഇതു ശത്രുവിൻെറ ഉഗ്രസ്വഭാവത്തേയും സമരമനോഭാവത്തേയുമാണ് കുറിക്കുന്നതു്. 14-ാം പട ഈ സന്ദർഭത്തിൽ തികച്ചും ജാഗ്രതയോടെതന്നെയാണ് നിൽക്കുന്നതു്.

"ചൈനയിലെ ഷ്നൌ"

മേജർ ജനറൽ ക്ലേറെ എൽ. ഷ്നൌവിനെപ്പോലെയുള്ള പരാക്രമവും ധീരതയും പ്രത്യുല്പന്നമതിയും ഉള്ള വളരെ കുറച്ചു പേരെ മാത്രമേ കാണപ്പെടുകയുള്ളൂ. അദ്ദേഹം വളരെ സുപ്രസിദ്ധനായിട്ടില്ലെങ്കിലും ചൈനയിലെ 14-ാം അമേരിക്കൻ വിമാനസേനയെപ്പററി എല്ലാവർക്കും അറിയാം. കഴിഞ്ഞ എട്ടു വർഷത്തോളമായി അദ്ദേഹവും സഖാക്കളും ചൈനക്കാരെ ഉള്ളഴിഞ്ഞു സഹായിച്ചിട്ടുണ്ട്. ഒരിയ്ക്കൽ ഒരു പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ വ്യക്തമാക്കി: "മൂന്നു കൊല്ലത്തോളമായി ഒരു പ്രബല ശത്രുവിന്നെതിരായി ഒരു ചെറു സേനയുമായി എതിരിടുന്നു. ഇന്നു ജപ്പാൻകാർ ചൈനയിൽവെച്ചു പ്രഹരിക്കപ്പെട്ടുവരുന്നു. എട്ടു കൊല്ലത്തോളം ഞാൻ ചൈനയുടെ സമരം കണ്ടിട്ടുണ്ട്. ചൈനീസ് നേതാക്കന്മാരും ജനങ്ങളും പ്രദർശിപ്പിച്ച സഹനശക്തി പ്രസ്താവ്യമത്രേ."

അവ എവിടെ ?

ഈയിടെ 1,000 വിമാനങ്ങൾ ജാപ്പു നഗരങ്ങളിന്മേൽ ബോംബിട്ടു. പക്ഷെ ശത്രുവിൻെറ എതിർപ്പു വളരെ കുറച്ചുമാത്രമായിരുന്നു. തങ്ങൾ സമയം വന്നാൽ വേണ്ടതു ചെയ്യുമെന്നു ടോക്കിയോ റേഡിയോ വിളിച്ചുപറയുന്നു. എപ്പോഴാണാവോ ഈ ശുഭമുഹൂർത്തം ? അഡ്മിറൽ റാംസെയുടെ കണക്കുപ്രകാരം ഇന്നു ജാപ്പാൻകാർക്ക് 9,000 വിമാനങ്ങളുണ്ടെങ്കിൽ എന്തുകൊണ്ടു അവയൊന്നും പുറത്തു കണ്ടില്ല ? ഈ ചോദ്യങ്ങൾക്കെല്ലാം മറുപടി കാലക്രമേണ പുറത്തുവരും. ഒരുവക്കെ ജാപ്പുസൈനിക നേതൃത്വം ഈ ബോംബുവർഷത്തെപ്പററി മുൻകൂട്ടി ഒന്നും അറിഞ്ഞില്ലായിരിക്കാം. പെട്ടെന്നുണ്ടായ ഒരത്ഭുതംമൂലം അവർക്കു അന്ധാളിപ്പു കലന്നിരിക്കാം. എന്തായാലും ശത്രുവിന്നു നല്ല ശിക്ഷകൾ കിട്ടിവരുന്നുണ്ടെന്നു അവർ തന്നെ സമ്മതിക്കുന്നു.

ജാപ്പാനെ കടന്നാക്രമിക്കും തീർച്ച. പക്ഷെ എവിടെ, എപ്പോൾ, ഏതു പ്രകാരത്തിൽ ? അതൊക്കെ ശത്രുവിൻെറ മുൻഗണനകളേയും ഊഹാപോഹങ്ങളേയും ഛിന്നഭിന്നമാക്കുന്ന വിധത്തിലായിരിക്കും.

വായനക്കാരോട്

യുദ്ധസഞ്ചികയിൽ പലപ്പോഴും അച്ചടിപ്പിശകുകളും മററു ചില ന്യൂനതകളും പ്രമാദങ്ങളും സംഭവിച്ചുപോകുന്നതിൽ ഞങ്ങൾക്കു അളവററ പരിതാപമുണ്ട്. വായനക്കാരോടും ഞങ്ങളുടെ ക്ഷമാപണത്തെ അറിയിക്കട്ടെ. മാന്യരായ അവർ ഈ ചില്ലറ പ്രമാദങ്ങൾ വന്നതിൽ ഞങ്ങൾക്കു മാപ്പു നൽകുമെന്നും കരുതുന്നു. അപരിത്യാജ്യവും അസാധാരണവുമായ ചില പ്രത്യേക പരിതസ്ഥിതികൾക്കു വിധേയമാകേണ്ടിവരുന്നമൂലം, ഇടയ്ക്കിടെ വന്നുപോകുന്ന ഈ ലഘുവായ തെററുകൾ മേലിൽ പരിഹരിക്കുന്നതിന്നു ആവുന്നതും ശ്രമിക്കുന്നതാണെന്നും അറിയിച്ചുകൊള്ളട്ടെ.

(യു.സ.പ.)

ചൈനയുടെ ചൈതന്യം

"പൌരസ്ത്യപ്രദേശത്തെ
രോഗിയാണല്ലോ ചൈന"
യൂറോപ്പിൻ മേധാവികൾ
വീഴ്പ്പുവിട്ടേവം വിധം!
എന്നിട്ടും മടിച്ചില്ല :
മന്ദീഭാവത്താൽപ്പാരം
വിമ്മിഷ്ടപ്പെട്ടും നാട്ടിൻ
ചൂഷണം നിത്താനവർ ;
എന്നിട്ടും മുടക്കിയി
ല്ലാരുമേ കറുപ്പേകി
മന്ദബുദ്ധിയായ്ത്തീർക്കാൻ
ചൈനതൻ ചൈനതന്യത്തെ !

ശാന്തസാഗരേ മത്സ്യം
പിടിച്ചും, ഗ്രാമങ്ങളിൽ,
ശാന്തിയാന്നന്തിയോള-
മുഴുതും വിതച്ചുമേ,
പിഞ്ഞാണ, ഭരണികൾ
നിർമ്മിച്ചും, വിശറിയിൽ
വർണ്ണങ്ങൾ പിടിപ്പിച്ചും
കഴിഞ്ഞാർ നാട്ടാരെല്ലാം.
കറുപ്പിൻ വെറുപ്പേറും
ലഹരി കയറിയ-
ക്കനത്ത തലച്ചോറിൽ
തുരുമ്പു പിടിച്ചുപോയ്.

പാശ്ചാത്യ രാഷ്ട്രങ്ങളോ
യാന്ത്രിക പരിഷ്കാര-
വൈദ്യുത ശകടത്തിൽ
കയറിസ്സഞ്ചരിയ്ക്കെ,
നാടുകളെങ്ങും തെണ്ടി-
പ്പോരിട്ടു കച്ചോടത്തി-
ന്നോടങ്ങളോടിക്കയും
ചെയ്തു മുന്നോട്ടായ്പോകെ,

റിക്ഷയും വലിച്ചേവ
മിഴഞ്ഞു ചൈനാരാഷ്ട്രം ;
രക്ഷയില്ലരക്ഷണം,
ഭക്ഷണം ലഭിക്കേണ്ടേ ?
കർഷകർ—ചൈനയെങ്ങും
വിയപ്പാലഭിവൃദ്ധി
വർഷിച്ചീടുന്നോർ കൊള്ള-
ക്കാരനാൽ മണ്ഡമേൽക്കെ,
ഭൌതിക പരിഷ്കാരം
കൈവിരൽ വെച്ചു മൂക്കിൽ :

യം. ജി. ഹാരീസ്

"പാതിയായാത്മീയത്വം
കാർന്നുകാന്നീ വൻരാജ്യം !"

വരവായ് നീളെനിന്നു-
മാളുകൾ നൂറായിരം
വിരവിൽ ചൈനക്കാരെ
'സംസ്കരിച്ചീടാൻ വേണ്ടി'
കടലിൽ കപ്പലോടി-
ച്ചെത്തിനാർ കച്ചോടക്കാർ,
ഉടലിലുടുപ്പോടെ-
യെത്തിനാർ പട്ടാളക്കാർ ;
മതത്തിൻ ദിവ്യഗ്രന്ഥ-
സഞ്ചയ സഞ്ചിയ്ക്കുള്ളിൽ
പുതുതാം കറുപ്പേന്തി
വന്നിതേ പുരോഹിതർ !
അവരെ സ്വീകരിപ്പാ-
നിച്ഛപോൽ വിരുന്നൂട്ടാ-
നവിടെയണി നിര-
ന്നെത്രയോ ചാരന്മാരും.

ചൂഷണ മതിന്നെഴും
സേനയെ നയിച്ചുംകൊ-
ണ്ടീഷലില്ലാത, ക്രമ-
സംരംഭമാരംഭിയ്ക്കെ,
കുനിഞ്ഞു കൂനിപ്പോയി
പാവമച്ചൈനക്കാരൻ
കനത്ത കടംതാങ്ങു-
മത്താണിയായിത്തീർന്നു !
മാനനീയമായ് മന്നിൽ
മഹിമാവിശേഷത്തി
ലാനന്ദിക്കേണ്ടും രാജ്യം
'കൂലി' മാത്രമായ്ത്തീർന്നു.

സ്വന്ത രാജ്യത്തുനിന്നും
പോയവരിരതെണ്ടി,
സ്വാന്തത്തിൽത്താങ്ങും
ഖേദം നിത്തുവാനാകാതയ്യോ !
ഹോട്ടലിൽപ്പണി ചെയ്യാൻ,
പട്ടുകൾ വില്പാൻ, ജാല-
വിദ്യകൾകാട്ടാൻ, പല്ലു
കെട്ടുവാൻ, യാചിക്കുവാൻ,
മറുനാടന്മാർ വണിക്
വീരന്മാർ പണക്കാരായ്,
മറയന്മാരായെണ്ണീ
പാവമച്ചൈനക്കാരെ !
താവോവും, കൺഫ്യൂഷസ്സും,
ബുദ്ധനും പഠിപ്പിച്ച
തായൊര തത്വമെങ്ങീ-
ദുരടുക്കങ്ങളെങ്ങോ !
ഇരുളിൻ ചുരുൾക്കുള്ളിൽ
പ്പുഴുപോലിഴഞ്ഞവർ ;
പഴമക്കൂട്ടിന്നുള്ളിൽ
പ്പതുങ്ങിക്കഴിഞ്ഞവർ ! !

ഉദിച്ചാ രാഷ്ട്രത്തിൻെറ
ചക്രവാളാന്തരത്തി-
ലുഡുവൊന്നത്യുജ്വലം
വെൺകതിർ വിതയ്ക്കുവാൻ.
സൂൺയാററ് സൺ—ചൈനക്കാരിൽ
പുളകം പൂശിയ്ക്കുമ-
പ്പുണ്യാത്മാ, വദ്ദേഹത്തെ
കേൾക്കാത്തോരാരീ മന്നിൽ ?
തൊഴത്തിൽക്കുത്തും, തമ്മിൽ-
ത്തല്ലലു, മടിമത്ത-
പ്പുഴുക്കുത്തി, വയേററ-
തൻനാട്ടിൻ നിലകാൺകെ,
ആ വന്ദ്യപുമാൻ നിജ
ജീവിതം മാതൃഭൂവിൻ
സേവനവേദിതന്മേൽ
പൂവുപോൽ സമർപ്പിച്ചാൻ !
നാടിൻെറ നവോത്ഥാനം
മുഴുമിപ്പിക്കാനേവം
പാടുപെട്ടാ മാന്യൻ ഹാ !
ചരമ മടഞ്ഞുപോയ്.
എങ്കിലും ചൈനക്കാരും
പഠിച്ചു നവീനത്വ-
പ്പുഞ്ചിരിപ്പൂൺപിൻമുമ്പിൽ
കൺതുറന്നൊന്നു നോക്കാൻ
പാരെങ്ങും പുകഴ്പെററ
"ജനകീയാദർശ" ങ്ങൾതൻ
പാവനലിപികളിൽ
സൺയാററ് സൺ ജീവിക്കുന്നു.
ചൈനക്കാ 'ക്വോമിന്താങ്ങ്' മ-
തത്വങ്ങൾ ; പരിപൂത-
നാമഹാനഭിനവ-
ഗൌതമനവർക്കിന്നും !
ജയിക്ക ജനസേവാ-
നിരത നേതാവേ നീ
മരിയ്ക്കില്ലൊരു ചൈന-
ജീവിക്കും കാലത്തോളം ! !

(ശുഭം)

വിവാഹം

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി.എ.)

“വിവാഹമല്ലെ, അതിന്നു കാലം ഇനിയും എത്രകഴിയണം. വേറെ കാര്യങ്ങൾ എത്ര വലിയതു ചെയ്യാൻ കിടക്കുന്നു.” ഇതായിരിക്കും അവിവാഹിതരായ മിക്ക ചെറുപ്പക്കാരുടെയും അവിവാഹിതത്വത്തിന്നുള്ള മറുപടി. വിവാഹം ചിലരുടെ അവഗാഢമായ ചിന്തയെ അർഹിക്കുന്നില്ലപോലും’! ജീവിതത്തിലെ ഭൂരിഭാഗത്തെ സമരമായി സൃഷ്ടിക്കുന്ന ഈ മഹാപ്രശ്നത്തിന്നു അതർഹിക്കുന്നത്ര പ്രാധാന്യം അവർ കൊടുത്തുകഴിഞ്ഞിട്ടില്ലെന്നാണല്ലൊ ഇതിൽനിന്നു നാം അനുമാനിക്കേണ്ടതു്. ഈ അസ്ഥാനത്തുള്ള അനാസ്ഥ സ്വാഗതാർഹമല്ലെന്നാണു് എന്റെ അഭിപ്രായം.

അവിവാഹിതരായ യുവാക്കളുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരികയാണു്. വിവാഹകർമ്മം ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണങ്ങൾ അപഗ്രഥിച്ചു നോക്കുന്നതു ഇത്തരുണത്തിൽ നന്നായിരിക്കും. സാധാരണയായി മനുഷ്യന്റെ സ്വാർത്ഥചിന്തയാണു് കാലാനുയോജ്യമായ വിവാഹത്തിന്നു മുന്നിൽ വിലങ്ങടിച്ചു നിൽക്കുന്നതു്.

സ്വാർത്ഥചിന്ത മനുഷ്യന്നു ജന്മസിദ്ധമാണു്. യൗവനയുക്തനായ ഒരാൾ വിവാഹത്തെ ഭയപ്പെടുന്നുവെങ്കിൽ ആ ഭയം സ്വാർത്ഥസംജന്യമാണെന്നു എളുപ്പത്തിൽ മനസ്സിലാക്കാം. ക്ലിപ്തമായ വരവും ജീവിതപരിതസ്ഥിതികളും അയാൾക്കുണ്ടു്. അതുകൊണ്ടു അയാൾ സസുഖം ജീവിക്കുന്നു. അധികം ആഡംബരത്തിനു വകയില്ലെന്നു മാത്രം. വിവാഹശേഷം തനിക്കുള്ള വരവിന്റെ ഒരു ഓഹരി ഭാര്യക്കും സന്താനങ്ങൾക്കും ചിലവാക്കേണ്ടിവരുമെന്നും തദ്വാരാ അയാളുടെ സ്വന്തം സുഖസൗകര്യങ്ങൾക്കു കോട്ടം തട്ടിയേക്കുമെന്നും അയാൾ ശങ്കിക്കുന്നു.

മേല്പറഞ്ഞ വിധമുള്ള ഒരു വ്യക്തി അവിവാഹിതനായി ജീവിക്കുന്നതു മൂലം അയാൾ സ്വയം അലസത പഠിക്കുകയാണു്. തന്റെ പ്രേയസിക്കും കുട്ടികൾക്കും ആവശ്യമായ ധനം താൻ കുറെക്കൂടി അദ്ധ്വാനിച്ചാൽ ലഭിക്കുമെന്ന ആത്മവിശ്വാസരാഹിത്യമാണു് അയാൾക്കുള്ള പ്രധാന ദോഷം. അയാൾ സ്വയം സംശയിക്കുന്നു. അങ്ങനെ പ്രയത്നത്തെ ഭയന്നു, അലസനായ ഒരു സുഖലോലുപനായ അയാൾ നാൾ കഴിക്കുന്നു. അമ്മാതിരിയുള്ള ആത്മവിശ്വാസമററ മടിയന്മാരെ പൊതുനന്മയെ ലാക്കാക്കിയെങ്കിലും നിർബ്ബന്ധപൂർവ്വം വിവാഹിതരാക്കേണ്ടതാണു്.

ഇനി വേറെ ഒരു തരം സ്വാർത്ഥികളുണ്ടു്. ആശയും ആദർശവുമുള്ളവർ. അവരുടെ ന്യായവാദമാണു് കൂടുതൽ യുക്തിപൂർവ്വകമായിട്ടുള്ളതു്. അവർ പറയുന്നു, എന്തുവേണമെങ്കിലും ചെയ്യാം, സാദ്ധ്യമാവുന്നിടത്തോളം പണവും കൊടുക്കാം; പക്ഷെ അനാവശ്യമായി അവൾ എന്റെ ‘സമയം’ അപഹരിക്കാൻ വരരുതെ എന്നു പറയുന്നവർ. ഇവരിൽ ചിലർ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിസ്ഥാനവും മററുചിലർ അമേരിക്കയിലെ ഹെൻറി ഫോഡിന്നു ഉള്ളതുപോലെ ഒരു വ്യവസായശാലയും തങ്ങളുടെ ജീവിത ലക്ഷ്യമായി സ്വീകരിച്ചവരായിരിക്കും. അവക്കു ആ ജീവിത ലക്ഷ്യം പ്രാപിക്കുന്നതിന്നു് വളരെ കാലം രാപ്പകൽ അദ്ധ്വാനിക്കേണ്ടിവരും. അതിന്നിടയിൽ അവരുടെ മനോഹരിയായ പത്നി ആരാമത്തിലെ മന്ദമാരുതനേൽക്കുവാൻ കൊഞ്ചിക്കുഴഞ്ഞുകൊണ്ടു അവരെ ക്ഷണിക്കുകയാണെങ്കിൽ അതെത്രയേറെ വിഷമമേറിയതാണെന്നു അവർ ചോദിക്കുന്നു.

സമർത്ഥീകരിക്കത്തക്ക സാക്ഷ്യങ്ങളൊന്നും ഇതിൽ കാണ്മാനില്ല. വിവേകമുള്ള ഒരു പത്നിയാണു് അവളുടെ ഭർത്താവിന്റെ ഏററവും വലിയ സഹായി. പരാജയങ്ങളും ദുർഘടങ്ങളും അദ്ധ്യം അഭിമുഖീകരിക്കാതെ ചെല്ലുന്നവക്കു വിജയം എളുപ്പത്തിൽ സ്വാഗതമരുളാറില്ലല്ലൊ. പരാജയം ദർശിക്കുന്നവർ സാധാരണ നിരാശരാകാറുണ്ടു്. ആ വേളകളിൽ അവരെ ഉത്തേജിപ്പിക്കുവാനും, വീണ്ടും വിജയസ്ഥാനത്തേക്കു പ്രയാണം ചെയ്യാൻ പ്രേരിപ്പിക്കുവാനും തന്റേടമുള്ള ഒരു സഹധർമ്മചാരിണി അന്യാദൃശമാംവിധം സഹായിക്കുന്നുണ്ടു്. അവളുടെ അഭാവത്തിൽ നിരാശനായ പരിശ്രമശാലി ഒരുവക്കെ തന്റെ യത്നം അപൂർണ്ണതയിലേക്കു വലിച്ചെറിയുവാൻ കൂടി ഇടയുള്ളതാകുന്നു.

വേറെ ഒരു കൂട്ടരുണ്ടു് പ്രതിഭാശാലികൾ, ചിലപ്പോൾ മാത്രം സൽപ്രചോദനങ്ങളുണ്ടാകുന്നവർ. കവികൾ, ചിത്രമെഴുത്തുകാർ, ശാസ്ത്രജ്ഞന്മാർ സംഗീതക്കാർ എന്നിവരിൽ ഇത്തരക്കാരെ നമുക്കു ധാരാളം കാണാം.

ഇവരിൽ ഉൾപ്പെട്ടതായ ഒരു അവിവാഹിതൻ തന്റെ നില ഇങ്ങനെ വിശദീകരിച്ചേക്കാം: “ഞാൻ കവിതയെഴുതിക്കൊണ്ടിരിക്കെ ഭാര്യ വന്നു വിളിക്കുകയും, കുട്ടി കിടന്നുകരയുകയും ചെയ്യുകയാണെങ്കിൽ അതിലും വലിയ ശല്യം വേറെ എനിക്കു എന്തുവേണം. ഈ വക സാഹചര്യങ്ങളിൽ കവിതക്കുള്ള പ്രചോദനം തന്നെ ആർക്കാണു് ഉണ്ടാവുക ?” എന്നു്.

ഇവിടെയും സ്ത്രീയുടെ തന്റേടത്തിന്റെ ആവശ്യം മാത്രമെയുള്ളൂ. ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും ജോലി ചെയ്യുന്ന ഒരു കവിയോ ചിത്രകാരനോ ഉണ്ടെന്നു തോന്നുന്നില്ല. വിശ്രമവേള അവക്കും ആവശ്യമാണു്. അപ്പോഴെല്ലാം ഹൃദയം തുറന്നു സംഭാഷണം ചെയ്യാനും അതുവരെ കവിചെയ്ത യത്നങ്ങളെ അനുഭാവപൂർവ്വം വീക്ഷിച്ചു അർഹിക്കുന്നത്ര—ചിലപ്പോൾ കവിഞ്ഞും—പ്രശംസിക്കാനും ഒരാൾ ഉണ്ടെങ്കിൽ അതു കൂടുതൽ നന്നായിരിക്കും. വിവേകവും വിനയവുമുള്ള ഒരു പത്നിയേക്കാൾ അനികം ഇക്കാര്യത്തിൽ ഉതകുന്നവർ വേറെ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇതിന്നു പുറമെ വിവാഹത്തിനു മുമ്പു, മഴക്കാലത്തെ തവളയെപ്പോലെ ശോകഗീതങ്ങൾ പാടുകയും, അതിന്നുശേഷം, സ്വരത്തിനു തന്നെ വലിയൊരന്തരവും, വിഷാദത്തിൽനിന്നു പ്രസാദത്തിലേക്കുള്ള വേഷപ്പകർച്ചയും ഭവിക്കുകയും ചെയ്തിട്ടുള്ള കവികളെ നമുക്കു ഇന്നു സുപരിചിതമാണു. വിവാഹശേഷം ആശയങ്ങൾക്കു പൂർവ്വൽസ്ഫുടതയും പക്വതയും ഉണ്ടാകുന്നതാണു ഇതിന്റെ കാരണം. തന്മൂലം ആ കവിത അചിരേണ ലോകോപകാരപ്രദമായിച്ചമയുന്നു.

ആംഗലഭാഷാകവികളിൽ ഷേക്സ്പിയർ കഴിഞ്ഞാൽ അഗ്രസ്ഥാനത്തെ അർഹിക്കുന്നതു ജോൺ മിൽട്ടനാണല്ലൊ. സുപ്രസിദ്ധമായ അദ്ദേഹത്തിന്റെ പറുദീസാ നഷ്ടം, പറുദീസാ പുനർലബ്ധം, എന്നിവയെഴുതാൻ അകാലന്ധനായിരുന്ന അദ്ദേഹത്തെ സ്വന്തം പത്നി സഹായിച്ചതു പലപ്പോഴും അദ്ദേഹം പറയാറുണ്ടു്. പാതിരാവിൽക്കിടക്കയിൽ എഴുന്നേററിരുന്നു പെട്ടെന്നു അദ്ദേഹം ഭാര്യയോടു പറയും “അതാ, ഈ വരികൾ ഒന്നു എഴുതിയെടുക്കണം, കടലാസും പെൻസിലും കൊണ്ടുവരൂ, വേഗം” എന്നു്. ലോകപ്രസിദ്ധനായ മി. ക്യൂറി റേഡിയം കണ്ടുപിടിക്കുന്ന നിമിഷംവരെ അദ്ദേഹത്തിന്റെ പത്നി, അദ്ദേഹത്തോടൊപ്പം ഗവേഷണശാലയിൽ ജോലി ചെയ്തിരുന്നുവത്രെ. തന്റെ വിവാഹത്തെ തുടർന്നു കഴിഞ്ഞ മൂന്നു വർഷത്തെ (1839-42) കുറിച്ചു് അദ്ദേഹത്തിന്റെ ആത്മകഥാകഥനത്തിൽ ചാറത്സ് ഡാർവിൻ രേഖപ്പെടുത്തിയതു നോക്കുക: “ഈ മൂന്നു കൊല്ലവും എട്ടു മാസവും കാലം ശാസ്ത്രീയമായി കാര്യമായിട്ടൊന്നുമില്ലെങ്കിലും എന്റെ ജീവിതത്തിൽ ഞാൻ അതിന്നു മുമ്പും പിമ്പും ഇങ്ങനെയൊരു കാലാവധിക്കുള്ളിൽ ചെയ്തിട്ടുള്ളതിലും എത്രയോ അധികമായി ജോലിചെയ്തു തീർത്തിട്ടുണ്ടു്.” അദ്ദേഹത്തിന്റെ മകൻ സർ. ഫ്രാൻസിസ് ഡാർവിൻ പറയുന്നതു, “ശാസ്ത്രജ്ഞനായിരുന്ന എന്റെ പിതാവു് എന്റെ അമ്മയുടെ സാന്നിദ്ധ്യത്തിൽ മതിമറന്നു സന്തോഷിക്കയും തന്റെ ജീവിതം എന്റെ അമ്മയുടെ ജീവിതത്തിൽ തികച്ചും പ്രതിഫലിക്കുന്നുവെന്നു പലപ്പോഴും പറയുകയും ചെയ്തിരുന്നു” വെന്നാണു.

വിവാഹം മനുഷ്യനെ പുരോഗമിപ്പിക്കയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുള്ളതിന്നുള്ള തെളിവുകളാണു ലോകത്തിൽ എവിടെയുമുള്ള ഏതൊരു സാധാരണ കുടുംബവും.

പരിപൂർണ്ണ ആരോഗ്യം പ്രാപിക്കയും, ലൈംഗികമായി മുഴുവൻ നിയന്ത്രണമില്ലാതിരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി അസന്മാർഗ്ഗത്തിന്റെ ആഴത്തിലേക്കു വീഴാതിരിക്കണമെങ്കിൽ അയാൾ വേഗം വിവാഹിതനാകാതെ നിവൃത്തിയില്ല. അല്ലാത്തപക്ഷം പ്രസിദ്ധ ആംഗലഭാഷാകവിയായിരുന്ന ലോഡ് ബൈറനെയെന്നതുപോലെ അസന്മാർഗ്ഗത്തിന്റെ മുദ്രയടിച്ചശേഷം ദുർവൃത്തിയുടെ ചളിയും ചേറും അങ്ങനെയുള്ള ഒരു വ്യക്തിയുടെ ജീവിതമാകെ സമുദായവും ചരിത്രകാരനും ക്രസലന്യേ വാരിപ്പുരട്ടും.

മേലുദ്ധരിച്ച സാധാരണ വിഷമങ്ങൾക്കു പുറമെ സാങ്കേതികങ്ങളായ വിഘ്നങ്ങളും കാലാനുസൃതമായി വിവാഹം ചെയ്യുന്നതിനെ തടസ്ഥം ചെയ്യുന്നുണ്ടു്. കുലാഭിജാത്യം, ധനം, വിദ്യാഭ്യാസം, പെരുമ, പദവി മുതലായ പലതും ഇപ്രകാരമുള്ളതാണു്. എങ്കിലും ഈ ദുർഘടങ്ങളെല്ലാം മുഖ്യമായി സ്ത്രീകളുടെ വൈവാഹികപ്രശ്നങ്ങളിലാണു പ്രത്യക്ഷപ്പെടാറുള്ളതു്.

‘തറവാടിത്തം’ കുറവാണെന്നു പറഞ്ഞുകൊണ്ടു് മററുള്ള അന്യാദൃശമായ യോഗ്യതകളെയെല്ലാം വിഗണിക്കയും അവസാനം തറവാട്ടിൽ ജനിച്ചുവെന്ന യോഗ്യതയെമാത്രം സ്വീകരിച്ചു ഒരു പാമരവിഡ്ഢിയെക്കൊണ്ടു് സുന്ദരിയും സൗഭാഗ്യവതിയുമായ തന്റെ പുത്രിയെ വിവാഹം കഴിപ്പിക്കുകയും ചെയ്യുന്നതു ചില ‘തറവാട്ടിൽ കാരണവ’ന്മാരുടെ തൊഴിലാണു്. കണ്ണുനീരും കഷ്ടപ്പാടുമാണു് തന്റെ പുത്രിക്കു ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു് പൈതൃകമായി താൻ സംഭാവന ചെയ്യാൻ പോകുന്നതെന്നു ഈ കാരണവന്മാർ മനസ്സിലാക്കിയിരുന്നുവെങ്കിൽ !

വലിയ ജന്മിമാരുടെയും ചില പണക്കാരുടേയും കുടുംബങ്ങളിലാണു് പ്രായപൂർത്തി കഴിഞ്ഞ അവിവാഹിതകളെ ധാരാളം കാണുക. ആഭിജാത്യം ഒത്തു ഒരാളെ—ബാക്കി എന്തെല്ലാം വിശേഷണങ്ങൾ ഒരാൾക്കു ഉണ്ടായാലും വേണ്ടില്ല— കാണാത്തതായിരിക്കും ഇതിന്റെ പ്രധാനഹേതു്. ഈ അന്ധമായ ആഭിജാത്യഭ്രാന്തു നാടുനീങ്ങുകയും ഏതു സമുദായത്തിൽനിന്നായാലും പേർകേട്ട തറവാട്ടിൽ ജനിക്കാത്തവനായാലും, സ്വഭാവമഹിമയും വിദ്യാഭ്യാസവും ആരോഗ്യവുമുള്ള ഒരു പുരുഷനെ വിവാഹം ചെയ്യാൻ തങ്ങളുടെ പെൺകുട്ടികളെ അവരുടെ രക്ഷിതാക്കൾ അനുവദിക്കുന്നതു് എന്നാണൊ അന്നു മാത്രമേ കേരളത്തിലെ ദുരവസ്ഥയും നരകയാതനയും ദൂരീകരിക്കപ്പെടുകയുള്ളൂ. അന്നുവരെ കേരളത്തിലെ കന്യകമാരുടെ ജീവിതം ചില, ജർമ്മൻതടങ്ങൽ പാളയങ്ങളിലെതിനേക്കാൾ നരകയാതന നിറഞ്ഞതും ഭയാനകവുമായിരിക്കും.

അപൂർവ്വം ചില അവിവാഹിതകളെ കാണാം ‘ഞാൻ മാർഷൽ എം. സ്റ്റാലിനെ മാത്രമേ—അതിലും അല്പം പദവിയേറിയാലും തരക്കേടില്ല—

(ശേഷം 10-ാം പേജിൽ.)

ജനവാതില്ക്കൽ കാണുന്ന ആ മുഖം ആരുടേതാണ്?

"സ്വാഗതം സഞ്ചികേ!"

(ജി. പി. ശങ്കരമംഗലം, ഊട്ടി.)

സ്വാഗതം സഞ്ചികേ, നിൻ മൃദുസംഗീത-
രാഗലഹരിയാലാകൃഷ്ടചിത്തരായ്,

നിർവ്യാജസൌഭാഗ്യ പീയൂഷമഗ്നരായ്-
ഭവ്യമാശംസിച്ചു വർത്തിപ്പൂ നാട്ടുകാർ!

കൈരളീ ദേവിതൻ കാഞ്ചനകോടീര-
വൈഡൂര്യരത്നമായ് വർത്തിക്ക കാരണം

ആരാലഭിരാമസാഹിതീ നൃത്തത്തി-
നാരാമ വേദിയായ്ത്തീർന്ന നീ നിസ്തുലേ!

നിന്നിതൾ തോറും വിരിയുന്ന സൌവർണ്ണ-
സന്തവിവിധകലാ വിഭവങ്ങളിൽ

ആടുന്നു നിത്യം സരസം സഹൃദയ-
രാനന്ദ നർത്തനമത്യന്ത തുഷ്ടരായ്

ഇക്കലാ പൂർണ്ണഹിമാലയമല്ലയോ
സ്വർഗ്ഗീയ സാഹിതീഗംഗയ്ക്കുറവിടം?

പാവനേ, നിന്നിൽ മുഴകിസ്സദാപി തൻ-
പാപവും, താപവും പോക്കുന്നു നാട്ടുകാർ

ജന്മഭൂവിട്ടു ജയക്കൊടി നാട്ടുവാൻ-
കർമ്മപ്രബുദ്ധരായ് പോകുന്ന സൈനികർ

സംഗര ഭൂവിൽസ്സരസേ സദാപി നിൻ-
സംഗീത പീയൂഷമാസ്വാദിക്കുന്നിതേ!

ആരാലവർക്കെഴും ജീവിത വാടിയിൽ-
താരും തളിരും മുളപ്പിച്ചു നീ സദാ!

നിൻ ചിരി, ചിന്ത, കഥാകഥനം, ദിവ്യ-
സംഗീതധാരപോലുള്ള സങ്കീർത്തനം,

കർത്തവ്യമോതുന്ന വൃത്താന്ത ചിത്രണം,
സ്തുത്യർഹമാകുമുപദേശഭാഷണം,

ആപാദചൂഡം മധുരമിതൊക്കെയെ-
ന്താഹ്ലാദദായകമായിരിക്കും ശുഭേ?

നിസ്വാർത്ഥ സേവാരതരാമവർക്കിന്നൊ-
രാത്മാർത്ഥ മിത്രമായ്ത്തീർന്ന നീ നിത്യവും:

. . . .

ഗോവിന്ദ വേണുതൻ നാദലഹരിയി-
ലാടുന്നു നീയിന്നു് നീലകണ്ഠാഭമായ്

പാരം കരുണാകരിയായ് സദാപി നീ
നേരേ വിടർത്തുന്ന സൽചിത്ത പത്മിനീം

തങ്കത്തരിവള കങ്കണം മുഴങ്ങവേ,
മംഗല ഗാനം പൊഴിക്കുന്ന നീ സദാ,

കാലാനുകൂലം കവിപ്പിക കാകളീ-
കോലാഹലത്തിനാൽ സേവ്യയാകുന്ന നീ

സർവ്വാംഗസൌന്ദര്യധാമമേ, നിൻപദം
സർവ്വവിജയവും നിത്യം ഭജിക്കണം!

പുഞ്ചിരിച്ചെന്നും മലയാളവേദി, നിൻ-
സഞ്ചാരസൌഭാഗ്യമംശിച്ചിരിക്കയാം!

എൻചെവിക്കിമ്പം വളരെ വളർത്തുമീ
മഞ്ജുശിഞ്ജിതമെന്തു ചൊല്ലേണ്ടു ഞാൻ

പാവനേ, നിൻ പാദസേവന ലീനനെൻ-
ഭാവുകമാഹാ മധുരം, മഹത്തരം;

സ്വാഗതം സഞ്ചികേ നിൻ കളിപ്പുഞ്ചിരി-
പ്പാവനദീപ്തിയിപ്പാരിലെല്ലാടവും,

ഭാഗ്യംപരത്തി മലയാള സാഹിത്യ-
രംഗത്തിലുന്നത പീഠാവകാശിയായ്

സല്ക്കലാപൂർണ്ണ നഭസ്സിന്നക്ഷഃപ്രഭാ-
പോല്ലസിതിർ ധാമമായ് വർത്തിക്ക നീ, ശുഭം.

യുവാക്കളോട്

(പി. കെ. കടത്തനാട്ട്)

ഫുല്ലയൌവന വാടിയിലമർ-
ന്നുല്ലസിച്ചീടും തോഴരേ,
ഓർത്തുകൊള്ളുവിൻ, ഓർത്തുകൊള്ളുവിൻ
മിത്ഥ്യതൻ ചതിവേലകൾ!
വഞ്ചനയുടെ വർണ്ണപ്പകിട്ടിൽ,
പുഞ്ചിരിതൻ പുറംപൂച്ചിൽ,
ആകൃഷ്ടചിത്ത മാവേശമാർന്നു
പോകൊല്ലേ നിങ്ങളാരുമേ!
പുൽത്തകിടിതൻ പുത്തൻ മോടികൾ
ഹൃത്തടത്തെ ഹരിച്ചിടാം.
എങ്കിലു മതിന്നന്തരാളത്തി-
ലുണ്ടാകാം ക്രൂരസർപ്പങ്ങൾ.
കൊത്തിടാമവ, നിങ്ങളെക്കാൺകെ,
ചീർത്തതൻ ഫണം ചീറ്റിടാം!
ചെമ്പനീരലർ ചേതോഹാരികൾ
സമ്പൃതഗന്ധ സമ്പൂർണ്ണം,
കാണുമിക്കാമ്യമാകുമുദ്യാന-
ഭൂവിൽ ഭൂരിയായെങ്ങുമേ.
പക്ഷെയുണ്ടാകുമപ്പൂവിൽ ചില-
ദുഷ്ടകീടങ്ങൾ ക്രൂടിയും!
സൌന്ദര്യപൂരാസ്വാദനത്തിന്നും
സൌകര്യമില്ലീവാടിയിൽ.
കൺകവർന്നിടും മോഹനതലങ്ങൾ-
വഞ്ചനയ്ക്കുള്ള വേഷങ്ങൾ.
പൂക്കളെക്കാളും കൂർത്തമുള്ളുകൾ-
മാത്രമാണിവിടത്തിങ്കൽ.
ഏതപായവും മൊട്ടിട്ടു നില്പൂ
ഭ്രാതാവേ, ഭൂവിൻ തോട്ടത്തിൽ!
സർവ്വമറിഞ്ഞാരാഞ്ഞുമാത്രം-
വന്നണഞ്ഞിടുകിങ്ങു നീ.
ഫുല്ലയൌവന വാടിയിലമർ-
ന്നുല്ലസിച്ചീടും തോഴരേ,
ഓർത്തുകൊള്ളുവിൻ, ഓർത്തുകൊള്ളുവിൻ
മിത്ഥ്യതൻ ചതിവേലകൾ!

(2-ാം പേജിൽ നിന്നു്)

ലിൻഹ്വവും ഇമ്മാതിരി യുദ്ധകാലത്തിൽ കവിതാ നിർമ്മാണം ചെയ്തിട്ടുള്ളവരാണു്. വാർദ്ധക്യം നിമിത്തം പറയത്തക്ക പങ്കെന്നും ഇവർക്കെടുക്കാൻ വയ്യെങ്കിലും അടരണിയിലെ ഭടകോടികൾക്കെല്ലാം ഇവരുടെ കവനകല്പകങ്ങൾ ഉത്തേജകങ്ങളാണു്. സ്വാതന്ത്ര്യ ചൈനായേയും പട്ടാളങ്ങളുടെ വിജയലാഭങ്ങളെയും പുകഴ്ത്തിപ്പാടി, സാമുദായികാചാരങ്ങളെക്കുറിച്ചു് ഒട്ടേറെ പദ്യരചന കഴിച്ചിട്ടുള്ള മറ്റൊരു കവി ഒരു ഒരു പഴയ ജനറൽ ആയ ഹ്വചുങ്ങ്-ആമാ എന്നാളാണു്.

ഇനി, യുദ്ധവേദിയിലിരുന്നു് ഇന്നും കവിത കവനകർമ്മം നടത്തുന്ന മറ്റു ജനറൽമാരാരെന്നു നോക്കാം. ഒന്നു്, ജനറൽ ചെങ്ങ് ചിയെൻ, ആധുനിക ചൈനീസ് പദ്യസാഹിത്യമണ്ഡപത്തിൽ ഒരു മണ്ടാമണിദീപമെന്നു പറയാവുന്നതായ "ദി അച്ചീവ്മെൻറ്സ് ആഫ് ഡാക്ടർ സൺ" (The Achievements of Dr. Son) ൻെറ കർത്താവു് ഇദ്ദേഹമാണു്. പട്ടാള വകുപ്പിലാണു് പലകാലമായ് പണിയെങ്കിലും പദ്യരചന അദ്ദേഹം മറന്നിട്ടില്ല. സ്മരണീയങ്ങളായ പല ചരിത്ര സംഭവങ്ങളെയും പദ്യരൂപത്തിൽ ഇദ്ദേഹം പ്രദാനം ചെയ്തിട്ടുണ്ടു്. മൂന്നു കൊല്ലക്കാലമായ് ചുങ്ങ് ടിയാമാ പർവ്വതപ്രാന്തങ്ങളിൽ പോരാടിവരുന്ന ജനറൽ സൺ വീജു എഴുതിയതാണു് "Crossing the River at Midnight" എന്ന കവിതയിലെ കഥാവസ്തുക്കളെല്ലാം സാധാരണ കവികളുടെ ജീവിതചര്യകളിൽ കണ്ടേക്കാവുന്നവകളല്ല. യൌവ്വനയുക്തരായ ജനറൽമാരുടെ ഇടയിൽ വേറെയും കവികൾ ധാരാളം ഉണ്ടു്. ഉദാഹരണങ്ങളായ്, ലൊ ചോയിങ്ങും ഹ്വയാംഗ് ചിയും. ഇവരുടെ കൃതികളിലെ ചെറിയൊരു ഭാഗം ഇതാ:—

"ദക്ഷിണവാനിൻ കീഴിൽ തീണ്ണമാംരണത്തിങ്ക-
ലക്ഷണം പൊയ്പ്പോയ് കാലം കേവലം കിനാവുപോൽ.
എന്നു നാം പുനരേന്തും നമ്മൾതൻ പൂർവ്വോത്തര-
മന്നിടങ്ങളെ......................

സമരസമ്പ്രദായങ്ങളെയും മററും പററി ചാംഗ്ക്കി—സിയും "138-ാം ഡിവിഷനിലെ ഒരു ഭടൻ" എന്ന അഭിധാനത്താലറിയുന്നവനുമായ ചെൻചെംഗ്—കാനും വളരെയൊക്കെ പദ്യങ്ങൾ എഴുതിയിട്ടുണ്ടു്. ഒരു യുവ വൈമാനികനായ ചെൻ ചാൻസിംഗ് ഒരു കവിയും കൂടിയാണു്. ഈ സേനാധിപതികളായ കവിവരരുടെ കൃതികൾ ചരിത്രസംബന്ധമായ തെളിവുകളായ്ക്കൂടി പര്യവസാനിച്ചിരിക്കുന്നു.

ഇതര കവികളുടെ കവനസമുച്ചയങ്ങളെ പററിയാണെങ്കിൽ, ചൈനയിലെ യുദ്ധകാല കവിതകൾക്കൊരു മാതൃകയായ് നില്ക്കുന്നതു് യ്യു യ്യു ജെൻേറതാണു്. ഇദ്ദേഹത്തിൻെറ കൃതികൾ അഞ്ചു വിശേഷ ഗുണങ്ങളോടുകൂടിയവകളാണു്: (1) കവി തൻെറ അനുഭവത്തിൽ പെടുന്നതും, ദേശീയ, വിദേശീയ രീതികൾ, രമ്യകാഴ്ചകൾ, വ്യക്തിപരമായ വികാരവിചാരങ്ങൾ ഇത്യാദി വിപുലമായ വിവിധ വിഷയവിവരണം നടത്തുന്നു. (2) പരിവർത്തനത്തെ മാത്രമല്ല പല സമരസംഭവങ്ങളെയും പദ്യരൂപത്തിൽ റിക്കാട്ടാക്കിയിട്ടുണ്ടു്. (3) തൻെറ സുദീർഘമായ കൃതികളിൽ പഴമയിലെ പല ഗുണാംശങ്ങളെയും കൂട്ടിയിണക്കി പുതുമയാക്കി പൂർവ്വോപരിമേത്തരങ്ങളാക്കിയിട്ടുണ്ടു്. (4) ഖണ്ഡകൃതികൾ വീരോചിതങ്ങളാണു്. സൌമ്യതയുടെ ഇഴക്കം അവയിൽ അശേഷം ഇല്ല. (5) ഏതും സർവ്വസാധാരണമായ പദങ്ങളാൽ നവം നവങ്ങളായ ആശയങ്ങളെ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഈ ദശഗുണവൈശിഷ്ട്യങ്ങളാൽ ഇദ്ദേഹത്തിൻെറ കവനരീതിയെ "ദി യ്യു സ്റ്റൈൽ" എന്നു പറഞ്ഞുവരുന്നു. ഇദ്ദേഹം അനവധി യുവകവികൾക്കു അനുകരണീയനുമായ് ചമഞ്ഞിട്ടുണ്ടു്. എന്തിനധികം, ചൈനീസ് പദ്യസാഹിത്യ ഗ്രന്ഥത്തിൽ ഇന്നലെ യോളമില്ലാത്ത ഒരു പുതിയ ഏടു് ഈ സമര ഗ്രന്ഥകർത്താവു് എഴുതി ചേർത്തിട്ടുണ്ടു്.

യ്യു യ്യുജെനിൻെറ കൃതികൾ പല പുതിയ കവികൾക്കും അതിയായ ആവേശം കൊള്ളിച്ചിട്ടുണ്ടു്. ഇവരിലൊരാളായ ചിയാ ചിങ്ങ്-ടെ തൻെറ ഒരു പദ്യപുസ്തകത്തിൽ അഞ്ചു നിയമങ്ങൾ ഇങ്ങിനെ പ്രതിപാദിച്ചിരിക്കുന്നു:—

1. കവികൾ വിഷയങ്ങളെപ്പററി സർവ്വജന സുഗ്രാഹ്യമാംവിധം അശ്ലീലവും അസാധാരണങ്ങളുമായ പദ, ശൈലീ പ്രയോഗം വർജ്ജിച്ചെഴുതണം.

2. പ്രാചീനാ ചാര്യരെ അന്ധരായനുകരിക്കയല്ല, അഭിനവജനതാബാധിതമായ അനവധി കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി കാവ്യകൃത്തുക്കൾ തന്നെത്താൻ തങ്ങളുടെ കൃതിമുകരങ്ങളിൽ പ്രതിബിംബിക്കണം.

3. പഴയ കവികൾക്കു അനുകരണീയങ്ങളായ പല ഗുണാംശങ്ങളുമുണ്ടെങ്കിലും ആയവയെ മാത്രം ആസ്പദിച്ചാൽ ഒരുവന്നു് അവൻെറ വിജ്ഞാനപരിധി പരിമിതമായ് പരിണമിയ്ക്കും.

4. വിഷയത്തെപ്പററി ചിരചിന്തനയ്ക്കു ശേഷമല്ലാതെ കവി കവനനിർമ്മാണത്തിന്നു് ഉദ്യമിക്കരുതു്.

5. പ്രസംഗസ്വാതന്ത്ര്യമുള്ള നാട്ടിലെ ഒരു കവി തൻെറ ഉള്ളറ നിർഭയം തുറക്കണം, എന്നിവകളാണു്.

യുദ്ധാനന്തരം ചിയാചിൻ-ടെ സ്വദേശീയരായ ക്ഷാൻസി നിവാസികളെ സംബന്ധിച്ചെഴുതിയിട്ടുള്ള അനവധി പദ്യങ്ങൾ ഒരായിരം സംവത്സരങ്ങൾക്കുമുമ്പു സുപ്രസിദ്ധ കവിയായിരുന്ന യുവാൻ ഹൊ-വെന്നിൻേറതിനോടു സാമ്യമുണ്ടു്.

സിക്കാങ്ങ് പുനർനിർമ്മാണ പ്രവർത്തനത്തിൽ പങ്കാളിയായിരുന്ന യാങ്ങ്യുങ്ങ്-ലിങ്ങിൻെറ കവിതകളിൽ കാണാം രാഷ്ട്രീയ പുനരുദ്ധാരണ പദ്ധതികളിൽ നേരിടേണ്ടതായിട്ടുള്ള ക്ലേശാരിഷ്ടങ്ങൾ.

പ്രസ്തുത യുദ്ധകാലത്തിന്നിടയിൽ ഉണ്ടായിട്ടുള്ള നല്ലനല്ല പദ്യരചയിതാക്കൾ വേറേയും പലരുണ്ടു്. ഇവരിൽ പ്രഥമ ഗണനീയൻ ടായ്സൂ എന്നാളാണു്. ഇദ്ദേഹത്തിൻെറ പദ്യങ്ങൾ സാധാരണ രീതിയിലാണെങ്കിലും അവകളിലെയെല്ലാം ഉള്ളടക്കം യുദ്ധവും ആധുനീകലോകവുമാകുന്നു.

ഇദാനീന്തന്മാരായ കവികൾ ഇനിയും എത്രയോ ഉണ്ടു്. അവരെല്ലാവരേയും ഇവിടെ അരങ്ങേററുവാനുദ്ദേശിക്കുന്നില്ല. എന്നാൽ, പൌനരുക്ത്യമായേക്കാമെങ്കിലും, ആ വസ്തുത ഒരിക്കൽ കൂടി പറയാതെ നിവൃത്തിയുമില്ല. എന്തു, സമരകാലസമുത്ഭവമായ ഈ ചൈനീസ് പദ്യസാഹിത്യം ഒരു നൂതനപഥം പ്രവേശിച്ചിരിക്കുന്നുവെന്നു്. ഇവകളിലെല്ലാംകാണാം ഒരു നവീന ജീവ:സ്പന്ദനം.

ഈയിടെയായി പുകഴ്നേടിയ രണ്ടു കവികൾ (1) ചിയു ഫെങ്ങ്-ചിയാ (1864-1912) വും, (2) വൂ ഫാങ്ങ്-ചീ (1896-1932) യും ഇതിലാദ്യത്തെ ആൾ 1889ൽ ഒരദ്ധ്യാപകനായിത്തീർന്നു. അഞ്ചുകൊല്ലങ്ങൾക്കു ശേഷം കോറിയയുടെ മാനത്തെ രക്ഷിക്കുവാൻ വേണ്ടി ചൈന ജപ്പാനോടു ചെയ്ത യുദ്ധഫലമായ് ഇദ്ദേഹത്തിന്നാജ്ഞയിൻ കീഴിൽ ടായ്വാൻ എന്നിടത്തിൽ ഏഷ്യയിലെ ഒന്നാമത്തെ റിപ്പബ്ലിക്ക് സ്ഥാപിതമായി. ഈ ഭരണക്രമം ഒരു കൊല്ലമേ നിലനിന്നുള്ളു. തദനന്തരം ഒരു ഭയങ്കര യുദ്ധാവസാനത്തിൽ ചിയൂ ഫെങ്ങ്-ചിയാവിൻെറ സൈന്യം പരാജിതരായി. ഇദ്ദേഹം ജന്മദേശമായ കാൻടനിലേക്കു തിരിച്ചു. തോൽവി മൂലം കോപവും നഷ്ടമായ്പോയ സ്ഥലങ്ങളെ പിന്തിരിച്ചെടുക്കാനുള്ള വാഞ്ഛയും നിറഞ്ഞു കവിയുന്ന അനേകം കവിതകൾ കാൻടനിലിരുന്നെഴുതി. അവകളിലെ ആശയങ്ങളെ ഗ്രസിക്കുവാനൊ ആസ്വദിച്ചനുഭവിക്കുവാനൊ ഉള്ള കഴിവു് ഇല്ലാതിരുന്ന അന്നു മുൻപറഞ്ഞ കൃതിമൂല്യങ്ങൾ വിലപോയില്ല. പ്രത്യുത, ഇന്നവയ്ക്കെല്ലാം പ്രചുരപ്രചാരം ലഭിച്ചുകഴിഞ്ഞു. ആധുനിക ജനത അതെല്ലാം ഇപ്പോൾ വായിച്ചാനന്ദിക്കുന്നു.

വൂ ഫാങ്ങ്-ചിയുടെ ഹ്രസ്വ ജീവിതംതന്നെ ഒരു കവിതയായിരുന്നു. കഴിഞ്ഞ ഏതാനും നൂററാണ്ടുകളായി ചൈനീസ് കവികൾക്കു പററിപോയ ചില തെററുകളെ അദ്ദേഹം ഇങ്ങിനെ കാണുന്നു:—

1. അസംഖ്യം പദ്യങ്ങൾ രചിക്കപ്പെട്ടിരുന്നുവെങ്കിലും മിക്കതും ഒന്നൊന്നിൻെറ അനുകരണരൂപത്തിലുള്ളവയും, മരണത്തിലുള്ള ഭയദു:ഖഗർഭങ്ങളുമായിരുന്നു.

2. ഒട്ടേറെ കവിതകളിലെ ഇതിവൃത്തം സുകുമാര കാഴ്ചകളും സന്തോഷസമ്മേളനങ്ങളുമായിരുന്നു.

3. അന്നത്തെ ചൈനീസ് കവികൾ അലസരും അഹംഭാവികളുമായിരുന്നു.

4. മററു ചില കവിതകൾ തീരെ തരിശും ഉന്മേഷനിക്ഷേധങ്ങളും.

വൂ ഫാങ്ങ്-ചീ, ചൈനീസ് കവിതകൾക്കു മഹനീയാദർശങ്ങളെ പ്രദർശിപ്പിക്കാനുള്ള കഴിവു വേണ്ടത്രയുണ്ടെന്നു കാണുകയും തന്മൂലം കുറെ കവിത കവനം നടത്തുകയും ചെയ്തു.

പഴയ കാലത്തിലെ കവികൾ ഒരു "സ്ഥലവർണ്ണന" വേണ്ടിവരുമ്പോൾ ഉടനെ പാഞ്ഞെത്തുന്നതു് യാംഗ്ട്ട്സ് നദീതാഴ്വാരങ്ങളിലേക്കായിരുന്നു. അല്പം ചിലപേർമാത്രം തിബത്തു്, മങ്കോളിയ, കവീച്ചൊ, യുന്നാൻ എന്നിവിടങ്ങളിലേക്കും എന്നാൽ യുദ്ധകാലത്തിലെ കവിയുടെ ദൃക്ചക്രവാളപരിധി തുലോം സുവിസ്തൃതമായിതീർന്നിട്ടുണ്ടു്. പദ്യവിഷയങ്ങളും ആകമാനം ഇളകി വശായി. "Seeing Friends off to the Army", "The Boyonet" ഇത്യാദി തലക്കെട്ടുകൾ തലയെടുത്തു തുടങ്ങി. മോസ്കോ മുമ്പൊരിക്കൽ ചൈനയുടെ രാജ്യകാര്യപ്രതിനിധിയായിരുന്ന ക്ഷാവോലിററ്സ് 1939-ാമാണ്ടിലെഴുതിയ ഒരു കവിതാ ശകലം നോക്കുക:—

"ഒരാണ്ടിൽമേലെ പടവെട്ടി ഞങ്ങൾ;
കരുത്തുപൂർവ്വാധികമായ് ചമഞ്ഞു.
അജയ്യമസ്മദ്രണവീരർ വീണ്ടു-
മടങ്ങിടാതെങ്ങുമടർ നടത്തും;

അകത്തിരിക്കുന്നവർ മുന്നിലേക്കായ്-
കുതിക്കുവിൻ നമ്മുടെ നാടെടുപ്പാൻ"

അന്ത:സാരസമ്പൂർണ്ണങ്ങളാണു് ഇതിലെ ഓരോ വാക്കും. ഇമ്മാതിരി പദ്യങ്ങളെ പ്രചരണോചിതസാഹിത്യ (Publicity Literature) മായും ഗണിച്ചുവരുന്നു. കിടാവും കിഴവനും എന്നുവേണ്ട സർവ്വരും സർവ്വത്ര പാടിനടക്കുന്ന ഗാനമാലികകളാണിവ.

ചൈനയിൽ ഈയിടെയായുണ്ടായ പദ്യസാഹിത്യ പുരോഗമനം വീക്ഷിച്ചാലോചിക്കുമ്പോൾ പ്രസ്തുത സാഹിത്യം ഇനിയും പൊതുജനബോദ്ധ്യത്തിലധികം മുന്നോട്ടു പോകുമെന്നാണു് വിശ്വസിക്കേണ്ടതു്. പുറമേയുള്ള അടക്കളത്തിലും നാട്ടകത്തും എന്നുവേണ്ട ചെല്ലുന്നേടങ്ങളിലെല്ലാം ഈ നൂതന പദ്യസാഹിത്യം സമരപരമായ നിശ്വാസം ചെയ്യുന്നു.

ടുങ്ങ് പീ-വു എന്ന കവി പാടിയതാണു്:—

"ചൂഴുമാ വാളിൻ ചൂഴൽ കേൾക്കു മദ്ധ്യാവിൽനമ്മെ-
മൂഷികൻ ക്രോഷ്ടാക്കന്മാരെന്നിവർ വിലക്കയൊ?!

ഇത്തരം ഓരോ സമരകളരിയിലും നടനം ചെയ്യുവർ കവിതാരൂപേണയാണു് പ്രശോഭിതരായ് ചമഞ്ഞിരിക്കുന്നതു്.

അച്ചടി രൂപമില്ലാത്തതും നാടെങ്ങും കേൾക്കാവുന്നതുമായ നാടോടി അഥവാ ഗ്രാമീണഗാനങ്ങളും (Folk songs) ഇതിനെല്ലാം പുറമേ അനവധിയുണ്ടു്. ലേഖനദൈർഘ്യം കൂടുതൽ ഉദാ

(ശേഷം 10-ാം പേജിൽ)

ഹാസ്യപംക്തി

നട്ടുച്ചയിലെ നത്തുകൾ

(കെ. ജി. രാമൻ നായർ)

തിരുമനസ്സ് :—

"ചങ്കരാ, കേൾക്ക കീയില്ല-ത്തേയ്ക്കു
വങ്കന്മാർ പിന്നെയും വന്നു.
വാൎദ്ധക്യ വേളയിൽ ഞാനി-തൊക്കെ-
പാൎത്തു സഹിക്കേണ്ടി വന്നു.
തുപ്പനെപ്പററിയിക്കൂട്ട-രെന്തു-
കേട്ടിട്ടുണ്ടാവുമീ മ്ലേച്ഛർ.
ഇല്ലത്തുവന്നു കരേറി-വേണ്ട
പൊല്ലാപ്പു സൎവ്വമുണ്ടാക്കാൻ
ആരേകി ശാസന, ദൈവ-ത്തിന്റെ
ദൂതന്മാർ ബ്രാഹ്മണരല്ലേ ?

കാര്യസ്ഥൻ :—

അയ്യയ്യോ ! തമ്പുരാനെന്തിന്നേവം
വയ്യാ വേലയ്ക്കു മുതിർന്നു ?
അപ്പൊഴും ശങ്കരൻ ചൊല്ലി-റേഷ-
നെത്തുമ്പോൾ സൂക്ഷിച്ചുകൊൾവാൻ.
അഹൻ പറഞ്ഞതുമാത്രം-മന്നീ-
യച്ഛൻ നമ്പൂരി ശ്രവിച്ചു.
ശങ്കരൻ വങ്കനാണെന്നു-തേറി
തമ്പുരാനെൻ തിരുമേനി.
യുദ്ധമാണെങ്ങുമേ ക്ഷാമം-അരി-
കിട്ടുവാൻ കഷ്ടമാണല്ലോ.
സൎക്കാരിൻ 'നേമ'ങ്ങൾ നമ്മ-ളെല്ലാം
ഒത്തു നടക്കുക വേണ്ടേ ?
ഇല്ലത്തെ നഷ്ടമെൻ നഷ്ടം-അതിൽ
കില്ലൊരു ലേശവുമില്ല.
കുപ്പാട്ടിൽ കുഞ്ഞുങ്ങൾക്കുള്ള-കഞ്ഞി
യിപ്പൊഴു മില്ലത്തുതന്നെ
അക്കരിക്കാടിയില്ലാഞ്ഞാ-ലന്നു
പൂജ്യമാണെല്ലാൎക്കും ഭോജ്യം !
റേഷൻകാർ വന്നാകിൽ വല്ല-തും നാം
ഈഷലില്ലാതെ കൊടുക്കിൽ,
അപ്പിശാചുക്കൾ സംതൃപ്തി-യാർന്നു
പൊയ്ക്കോളുമായിരുന്നല്ലോ.

തിരുമനസ്സ് :—

അത്തടിമാടന്മാൎക്കൊന്നും-പോരാ-
പത്തായം നോക്കണംപോലും !
കുപ്പായം, തൊപ്പി, ബൂട്ടുസ്സു-മൊക്കെ
യിട്ടാകിൽ സാധ്യായിപ്പോയി !
അന്തർജനങ്ങളിരിയ്ക്കു-മില്ല-
ത്തെന്തിനും വന്നു നോക്കീടാം.
കാലം കലിയുഗംതന്നെ-കാര്യം
കാലിപ്പിള്ളക്കെഴും കയ്യിൽ !
റേഷൻ വരുത്തണമെങ്കിൽ-നമ്മെ-
ദൂഷണം ചെയ്യണമെന്നോ ?
യുദ്ധം ചെയ്യാനവൎക്കില്ലേ-ജപ്പാൻ
അച്ഛൻ നമ്പൂരിയോവൈരി ?
നാട്ടാരു പട്ടിണിയായാ-ലതിൽ
തുപ്പൻ നമ്പൂരിയ്ക്കോ ചേതം ?
ബങ്കാളിൽ ക്ഷാമമാണെങ്കി-ലേതോ
വങ്കനതിന്നുള്ള ഹേതു.
തുപ്പന്റെ പത്തായം നോക്കി-യെന്നാ-
ലന്നമിച്ചീടുമോ പഞ്ഞം ?
മാനക്കേടിത്ര മേലായി-യിനി-
പൂണൂലു കൊണ്ടെന്തു കാൎയ്യം ?

കാര്യസ്ഥൻ :—

എന്തിനു തമ്പുരാൻ വേദ-നിപ്പൂ
ശങ്കരൻ കൂടെയുള്ളപ്പോൾ ?
നെല്ലും പണവും നശിച്ചാൽ-പോലും
പുല്ലല്ലേ ബ്രാഹ്മണൎക്കിപ്പോൾ,
ഊട്ടുപുരകളും ക്ഷേത്ര-ങ്ങളും
കുത്തിപ്പോളിക്കുകില്ലാരും !
തപ്പിയാൽ കിട്ടില്ലാതമ്പു-രാന്റെ-
തചിട്ടോളും ബ്രാഹ്മണ്യധൎമ്മം.

അട്ടിവ്യസിദ്ധിയേക്കാളും-മെച്ച
പ്പെട്ടതോ നെല്ലും പണവും ?
അക്കുചേലന്റെ ചരിതം-ഇന്നും
വാഴ്ത്തുന്നു മാലോകരെക്കെ.

തിരുമനസ്സ് :—

ഇത്ര നിരീച്ചില്ലകാര്യ-സ്ഥന്റെ-
ബുദ്ധി ചാതുൎയ്യത്തെപ്പററി.
വേദനപ്പെട്ടു കിടക്കു-മ്പോൾ നീ
വേദാന്തം ചൊല്ലുന്നു പാവം !
ശൂദ്രന്റെ നാവിൽ നിന്നല്ലാ-ബ്രഹ്മ
വിദ്യതന്നുല്പത്തിയോൎക്ക് !
നിൎത്ത്, നിരൎത്ഥക ജല്പ-നങ്ങൾ
കേൾക്കേണ്ടതനിയ്ക്കൊരുലേശം.

കാര്യസ്ഥൻ :—

തമ്പുരാൻ തെററിദ്ധരിച്ചു-ടിയൻ-
ചൊന്നതിലില്ലൊരബദ്ധം.
അയ്യോ തിരുമനസ്സെന്തു-ചൊല്ലി
ഇയ്യുള്ളോൻ പാതകിയെന്നോ ?

(അടുക്കളയിൽ നിന്ന്)

ഉണ്ണിടെയച്ഛനവിടെ-യുണ്ടോ-
ഉണ്ണുവാൻ നേരമായില്ലേ ?

തിരുമനസ്സ് :—

ഭേഷ്, ഭേഷ് ! ചങ്കര, നീയാ-ണെന്റെ
യിഷ്ടനാം കാൎയ്യസ്ഥൻ കേമൻ.
ഞാനൊരു രാജാവായെങ്കിൽ-മന്ത്രി
മേനവൻ ചങ്കരൻ നൂനം.
അയ്യോ, നുറുങ്ങുന്നു ചിത്തം-എത്ര-
വല്ലായ്മ വന്നു പിണഞ്ഞു.
സൎക്കാരിതേവിധം ചെയ്യു-മെന്നു-
സ്വപ്നത്തിൽ പോലുമോൎത്തില്ല,
പാരിതിൽ പണ്ടു ഭഗവാൻ-ചെയ്തു
പോരിന്റെയൊക്കെയും ലക്ഷ്യം,
ബ്രാഹ്മണരക്ഷയൊന്നല്ലേ-അതു
ദിവ്യമാം കൎത്തവ്യമല്ലേ ?
'ഗവൎമ്മേണ്ടി'ന്നെതിരായി-ച്ചെയ്യു-
തോൎമ്മക്കുറവിനാ ലാവാം.
തുപ്പന്റെ കാരണോന്മാരെ-പ്പണ്ടു
മൂപ്പന്മാർ കൂടെ വണങ്ങി.
തച്ചോളിച്ചേതേനനും കൂടി-യില്ല-
ത്തെച്ചിലും തിന്നു നടന്നു.
നാട്ടിലെ നായന്മാരെല്ലാ-മില-
ക്കെട്ടുമായ് വന്നിവിടത്തിൽ.
ആട്ടിൻതോൽ ബൂട്ടുസുമിട്ടു-പണ്ടീ
മുററത്തൊരാൾ ചവട്ടില.
കുപ്പായമിട്ടൊരു ചെക്കം-നിങ്ങ-
ശുദ്ധമാക്കീലിതിൻ മുമ്പേ.
ബ്രാഹ്മണ്യം പാവനം, പാരം-എങ്ങും
വന്ദ്യമാണോൎക്കു കാര്യസ്ഥൻ !

കാര്യസ്ഥൻ :—

അട്ടിവ്യജ്യോതിസ്സാലല്ല-ലോകം
മിപ്പൊഴുമിങ്ങനെ നില്പു ?
പൊട്ടിത്തെറിയ്ക്കില്ലേയല്ലെ-ന്നാകി-
ലിക്ഷിതി ബോംബു കണക്കെ ?

തിരുമനസ്സ് :—

ബങ്കാളിൽ പട്ടിണി മൂലം-പലർ
സംഗതിയായി മരിയ്ക്കാൻ.
എന്നിട്ടും ചെയ്തില്ലൊരുത്തൻ-പോലും
നന്നായ് പശ്ചാത്താപമൊന്നും !

കാര്യസ്ഥൻ :—

അന്നം പറഞ്ഞു ഞാനഘ-നോടീ-
ട്ടുന്നയത്തിന്റെ പെരുപ്പം.
നാലുണ്ണി നമ്പൂരിമാൎക്കു-സദ്യ-
യേകിയാൽ പിന്നെയുണ്ടാമോ,
ക്ഷാമവും മററു മിന്നാട്ടിൽ-അതി
ക്രൂരന്മാൎക്കെന്തറിയുന്നു ?

(അടുക്കളയിൽ നിന്നു)

നാറാണീപ്പെണ്ണേ നീ ചെന്നു-ചൊല്ല്
ചോറുണ്ണാൻ കാലമായെന്ന്
രണ്ടാത്തെ വേളിയായ് ത്തീൎന്നാ-ലുള്ള
മണ്ടത്തരങ്ങളിതൊക്കെ !
ഇത്തരം നമ്പൂര്യേ വേട്ട-മൂലം
ചത്തു ജീവിച്ചിടാറായി
പത്തായിരം രൂപനല്കി-യേട്ടൻ-
കഷ്ടമെന്നിട്ടും നരകം !

തിരുമനസ്സ് :—

ബുദ്ധിയില്ലിന്നാട്ടിലാൎക്കും-ഏതു
സിദ്ധിയും കൈവരാതായി.
നാട്ടുകാരൊക്കെയും തീണ്ടി-ത്തിന്നു
പൊട്ടന്മാരായിക്കഴിഞ്ഞു.
കേരളം ദാരിദ്ര്യപൂൎണ്ണ-മെങ്കിൽ
കാരണക്കാരെ വരാവോ ?
പണ്ടു മഹൎഷി പരശു-രാമൻ
കൊണ്ടുവന്നീ മഹാരാജ്യം;
നമ്പൂരിമാൎക്കായി നൽകി-ഭാഗി
ച്ചമ്പൊടാട്ടിവ്യ മഹൎഷി.
ആരുപറഞ്ഞു മററുള്ള-കൂട്ട
രീനാട്ടിൽ വന്നിടാനായി ?
ഭാൎഗ്ഗവരാമന്റെ രാജ്യ-മിതിൽ
മററുള്ളോൎക്കെന്തധികാരം ?
ബ്രഹ്മസ്വമിമ്മലയാളം-അതേ,
നമ്പൂരിമാരതിൻ നാഥർ.
റേഷനും കൺട്രോളുമൊന്നും-ബ്രഹ്മ
ദേവസുതന്മാൎക്കു വേണ്ട !

കാര്യസ്ഥൻ :—

ഇത്ര മനോഹരമാകും-വേദ-
വിത്തു വിതൎക്കമിട്ടേവൻ
വിശ്വത്തിലുള്ള വിജ്ഞാന-ത്തിന്റെ-
മൂൎദ്ധനിയെത്തിയ വീരൻ !
എന്നച്ഛൻ നമ്പൂരിയങ്ങു-ചൊന്നു.
തെന്തൊരു ദിവ്യതത്വങ്ങൾ.
ആദിമശങ്കരനെക്കാൾ-പണ്ഡി-
താഗ്ര്യനാണങ്ങെന്റെ തമ്പ്രാൻ !

(അടുക്കളയിൽ നിന്ന്)

പണ്ടാരക്കാലനീ നമ്പൂ-രിയ്ക്ക്
തൊണ്ടയ്ക്കു വേദനയില്ലേ ?
വേണ്ടാത്തതൊക്കെ പ്പറഞ്ഞു-പാരം
കുണ്ടാമണ്ടിക്കാരൻ ശങ്കു.
രണ്ടാളും ചാടിയ്ക്കും നമ്പൂ-രിയെ-
കുണ്ടിലി, കാര്യസ്ഥൻ കേമൻ !

തിരുമനസ്സ് :—

യുദ്ധകാലത്തു കുറച്ചു-പണം
തട്ടുവാൻ നല്ലൊരു തക്കം.
അപ്പൊഴുമെത്തുന്നു മൂളും-ചൊല്ലി
തൊപ്പിയിട്ടും ചില കൂട്ടർ.
താക്കോലും കൂട്ടവും പൂട്ടും-വേണം
പത്തായം കാണണമത്രേ.
അല്പം വിസമ്മതിച്ചെന്നാൽ-മതി
കൂട്ടവും കൂട്ടമായ് ത്തീൎന്നു !
ചൊപ്പു തലേക്കെട്ടും കെട്ടി-യെത്തി
മൂപ്പതു പോലീസുകാരും !

(അടുക്കളയിൽ നിന്ന്)

ചോറു വേണെങ്കിൽ വന്നോളു-പിന്നെ
യാറിത്തണുത്തു പോമല്ലോ.
വേറെ രണ്ടാമതും വെയ്ക്കാൻ-ഇനി-
വേളി കഴിച്ചേ കഴിയൂ !

ഉദ്യോഗം സ്വീകരിക്കുന്നതിന്നു മുമ്പെ അവർ നക്ഷത്രങ്ങളെ തിരിച്ചറിയുന്നതിന്നു പഠിക്കുന്നു.

ഒരു ഹാർബറിൻെറ 'മാതൃക' ഉപയോഗിച്ചും കൊണ്ടു ഇൻസ്ട്രക്ടർ ബ്രാഞ്ചിലെ ആളുകൾക്കു കപ്പലോട്ടത്തെപ്പററി പഠിപ്പിക്കുന്നു.

നമ്മുടെ ശത്രുക്കൾ

(എ. പി. ഗോവിന്ദൻ നായർ)

ഭരതൻ വാണൊരീ നാട്ടിൽ
വരുമോ ജാപ്പു മൂഷികർ ?
കരുതിക്കൊണ്ടിരിക്കട്ടെ
കരിയാകും വരെക്കവർ.

ഇന്ത്യൻ യോദ്ധാക്കളെന്നുള്ളൊ-
രുദന്തം കേട്ട ജാപ്പുകൾ,
പിന്തിരിഞ്ഞോടി ബോമ്പേററീ-
ട്ടന്തം വിട്ടു മരിക്കണം.

ജമദഗ്നീസുതൻ പണ്ടു-
ശമിച്ചീടാത്തൊരീർഷ്യയാൽ.
അറുത്തു ക്ഷത്രിയന്മാരെ-
യിരുപത്തൊന്നു വട്ടവും.

ക്ഷാത്രരക്തകൃതം രാമൻ
പിതൃതർപ്പണമെന്നപോൽ
ഭാരത പിതൃ താർപ്പണ്യം
ക്രൂര ജാപ്പു നിണത്തിനാൽ.

ഭാരതത്തിൽപ്പിറന്നോരെൻ
ധീരരാം രണശൂരരേ,
വൈരി നിഗ്രഹണം ചെയ്തി-
ട്ടണവിൻ വിജയത്തോടേ.

(6-ാം പേജിൽ നിന്നു)

വിവാഹം ചെയ്യു കയല്ലേ 'വെന്നു ശഠിക്കുന്നവർ! പക്ഷെ അങ്ങനെ മഹാമേരുവിൻെറ മുകൾഭാഗം ഒരു ചാട്ടത്തിന്നു പിടിക്കുവാൻ ഉദ്യമിക്കുന്നവർ, അതിൻെറ സാനുപ്രദേശങ്ങളിൽനിന്നു അല്പമെങ്കിലും ഉയർന്നുകാണാത്തതാണു് സങ്കടകരം. മനുഷ്യൻെറ ആശക്കു ചില സന്ദർഭങ്ങളിൽ ഒരു അതിർത്തി അത്യാവശ്യമാണു്. കടിഞ്ഞാണില്ലാത്ത കുതിര യാത്രക്കാരൻെറ ജീവനെപ്പോലും ചിലപ്പോൾ അപകടത്തിലാക്കാറുണ്ടു്. സ്വർണ്ണനിർമ്മിതമായ കടിഞ്ഞാണുള്ള കുതിരയെ മാത്രമേ ഉപയോഗിക്കുവെന്നു ശാഠ്യം പറയുന്ന യാത്രക്കാരൻ സ്വർണ്ണത്തിൻെറ അഭാവത്തിൽ, കടിഞ്ഞാണില്ലാതെ അശ്വത്തെ ഉപയോഗിക്കുകയും അയാളറിയാതെ അബദ്ധത്തിൽ ചെന്നുചാടുകയും ചെയ്യുന്നു. ആഗ്രഹങ്ങൾ വൈവിദ്ധ്യമേറിയതും സ്വനിയന്ത്രണാധീനമല്ലാത്തതുമാണെങ്കിൽ അവയൊന്നും നിറവേററാൻ കഴിയാതെ ചിലപ്പോൾ അപകടത്തിൽ പതിക്കുവാൻപോലും സംഗതിയാകുന്നതാണു്.

അവിവാഹിതരായി ജീവിക്കുവാൻ പുരുഷനും, സ്ത്രീക്കും ഉള്ള കാരണങ്ങളെ സമഗ്രമായി നാം കണ്ടുകഴിഞ്ഞു. അതിൻെറയെല്ലാം അർത്ഥശൂന്യതയെക്കുറിച്ചു നാം പരമാർശിച്ചിട്ടുണ്ടു്.

വിവാഹകാലം വൈകിക്കുന്നതിൽ സ്ത്രീക്കും പുരുഷനും ഇനി പൊതുവെ ബാധിക്കുന്ന ചില കാര്യങ്ങളുണ്ടു്. അതാണു് സൌന്ദര്യത്തിൻെറയും തജ്ജന്യമായ ശാരീരികാകർഷണത്തിൻെറയും അവധാനപൂർവ്വമായ അസ്തമനം. മനുഷ്യൻെറ സ്വരംപോലും കാലാനുപാതികമായി വ്യത്യാസപ്പെടുന്നുണ്ടെന്നതു് ശാസ്ത്രം വകവെച്ചുതന്നിട്ടുള്ളതാണു്. യൌവ്വനകാലത്തെ ആകർഷണീയമായ സ്വരവിശേഷവും വശീകരണപ്രാപ്യമായ ആകാരസുഷ്മയും വാർദ്ധക്യത്തിന്നു എത്രയോ മുമ്പുതന്നെ മനുഷ്യനറിയാതെ മന്ദമന്ദം തിരോഭവിക്കുന്നുണ്ടു്. ഒരു ദിവസം കണ്ണാടിയിൽ നോക്കുമ്പോഴാണു് "അയ്യോ! എന്തൊരു മാററം! നാല്പതു വയസ്സായപ്പോഴേക്കും ഞാനൊരു വൃദ്ധനായിത്തീർന്നു. കഴിഞ്ഞ പത്തു കൊല്ലം, അല്പാല്പമായി എൻെറ ശരീരസൌന്ദര്യത്തെയാകെ കവർന്നുകൊണ്ടുപോയിരിക്കുന്നു"വെന്നു വെട്ടെന്നു നമ്മൾ പറഞ്ഞുപോവുക. വൃദ്ധയായ ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ ഒരു പുരുഷൻ—സ്ത്രീ പുരുഷനേയും—കാംക്ഷിക്കുകയില്ല. അതിനാൽ ആരോഗ്യവും സൌന്ദര്യവും ആകർഷണശക്തിയും അതിൻെറ മൂർദ്ധന്യത്തെ പ്രാപിക്കുന്ന കാലം കഴിയുന്നതിന്നുമുമ്പുതന്നെ വിവാഹം ചെയ്യുയാണു് സ്ത്രീപുരുഷന്മാർക്കു ഉത്തമമായിരിക്കുക.

(8-ാം പേജിൽനിന്നു തുടർച്ച)

ഹരണങ്ങളെ ഇവിടെ ഉദ്ധരിച്ചെഴുതുവാനനുവദിക്കുന്നില്ല. എങ്കിലും അല്പമൊന്നു എത്തിനോക്കാം :—

ക്രി. മു. എന്നപോലെ, യു. മു. (യുദ്ധത്തിന്നു മുമ്പു്) ചിങ്കായ് ദേശത്തിലെ നാടോടി പാട്ടുകൾ "പ്രേമം," "കാലാവസ്ഥ" "പൌരാണിക കഥകൾ" മുതലായവയെ പററിയായിരുന്നു. എന്നാലിന്നോ ?—

"തുരഗ യൂഥങ്ങൾ പുരമതിൽകിട-
ന്നരിയവേഗത്തി,ലടക്കളത്തിനായ്-
തപരിച്ചിടുന്നു ; മേ ഗൃഹം ഭരിച്ചിടാം ;
ചരിക്ക മൽപ്രിയൻ പൊരുതുവാൻ ഭവാൻ.

വേറൊന്നു :—

"ക്ഷമയുള്ളേളാളം കാലം ക്ഷന്തവ്യ
നവൻപാരം-
ക്ഷമതാനെല്ലൊ ജയം ക്ഷണിച്ചുവരുത്തുന്നു;
ഒരു കൊത്തലാൽ കൂപം കുത്തുവാനെളുതല്ല;
ഒരു തുലിക തേപ്പാൽ രൂപമൊ
ന്നായിത്തീരാ"

എന്നിങ്ങനെ സമരസംബന്ധിതങ്ങളായിരിക്കുന്നു. ഏവംവിധങ്ങളായ നാടോടി പാട്ടുകളിൽ കൂടിയും ഒരു നവ്യജ്യോതിസ്സിൻെറ ഒളി വീശിയിരിക്കുന്നു. പദ്യസാഹിത്യലോകത്തിൽ ഇതില്പരമധികം പരിവർത്തനപരിണാമങ്ങൾ സമരാവസാന സൽഫലമായ വിജയാഗമനത്തിന്നുശേഷം ചൈനാ പ്രത്യാശിക്കുന്നു.

അയൽദേശമായ ഇന്നാട്ടിലെ കവിവര്യരിലും ഈ യാഥാർത്ഥിക തത്വം—യാഥാസ്ഥികമല്ല—ഉദിച്ചുയരുവാൻ സമയം വൈകിയിരിക്കുന്നു. ഏറിയ കാലമായ് കവി മസ്തിഷ്കത്തിൽക്കേറി "ഡോമിസൈൽ" ചെയ്തിരിക്കുന്ന പൈങ്കിളിയേയും കീറത്തലയണയേയും ഉടനടി നിഷ്കാസനം ചെയ്യണം ; പഴമയെ പമ്പകടത്തണം. കൺമുന്നിൽ കണ്ടുവരുന്ന പ്രത്യക്ഷപ്രശ്നങ്ങളേയും പരിസരങ്ങളേയും കവി കൺതുറന്നു കാണണം ; പാടണം. തദ്വാരാ, നമ്മുടെ പദ്യസാഹിത്യത്തേയും സ്പുടം ചെയ്യെടുക്കണം. അതാണിന്നത്തെ കവിലോകകർത്തവ്യകർമ്മം.

(ശുഭം)

ഭാഷയിലെ സമരസാഹിത്യം

(വിദ്വാൻ, ഗോവിന്ദൻകുട്ടി നായർ)

(തുടർച്ച)

ആദർശഭ്രഷ്ടമായ നമ്മുടെ സമരസാഹിത്യം സാമൂഹ്യപുരോഗതിയെ തടയുന്ന മറെറാരു വിപത്തിനെക്കൂടി വിതരണം ചെയ്യുന്നുണ്ട്. നാസിസവും ഫാസിസവും പിറന്നുവെന്നതുകൊണ്ടുമാത്രം ജർമ്മനിയും ജപ്പാനും എത്ര ശുദ്രശുദ്രമായിട്ടാണ് അധിക്ഷേപിയ്ക്കപ്പെടുന്നതു്! പ്രസ്തുതരാഷ്ട്രങ്ങളുടെനേരെ സാഹിത്യം വളർത്തിക്കൊണ്ടുപോരുന്ന ഈ അവജ്ഞയും വിദ്വേഷവും സമരംകഴിഞ്ഞ് സമാധാനമായാലും അവശേഷിയ്ക്കുന്നു. അഖിലദേശീയത്വത്തെ ആദർശമാക്കി വളർന്നുവരേണ്ട ഭാവിജനതയെ, ചില രാഷ്ട്രങ്ങളുടെനേരെ വെറുപ്പോടും വിദ്വേഷത്തോടുംകൂടി വീക്ഷിപ്പാൻ പ്രേരിപ്പിയ്ക്കുന്ന സാഹിത്യം വർത്തമാനകാലത്തെസ്സംബന്ധിച്ചേടത്തോളം എത്രതന്നെ വിലപ്പിടിച്ചതായാലും വേണ്ടില്ല, സമുൽകൃഷ്ടമാണെന്നു പറഞ്ഞുകൂടാ. ആ പെരും പഴഞ്ചനായ വാത്മീകിപോലും ഈ തത്വത്തെ സവിശേഷം മാനിച്ചിട്ടുണ്ട്. രാഷ്ട്രമോ വർഗ്ഗമോ വ്യക്തിയോ അല്ല അധാർമ്മികവൃത്തികൾമാത്രമാണ് അദ്ദേഹത്തിൻെറ ആക്ഷേപങ്ങളുടെ ശരവ്യം. വിഭീഷണനേയും മണ്ഡോദരിയേയും വേർതിരിച്ചു കാണിപ്പാൻ മറന്നില്ല. അനന്തരകാലത്തെ സമരഗായകനായ വ്യാസനെ നോക്കുക. പാണ്ഡവപക്ഷപാതിയായിട്ടും അദ്ദേഹം കൌരവസഹായന്മാരായ കർണ്ണൻ, ഭീഷ്മർ മുതലായവരുടെ മഹനീയഗുണങ്ങളെ അല്പവും വർണ്ണവിലോപം വരാതെ ചിത്രീകരിച്ചു കാണിക്കുന്നു. യുധിഷ്ഠിരൻെറ ത്യാഗബുദ്ധിയെ പ്രശംസിക്കുന്ന അതേ നാദായം തന്നെയാണ് സുയോധനൻെറ സൌഹാർദ്ദസ്വഭാവത്തെയും വ്യാഖ്യാനിച്ചതെന്നു വിശ്വസിക്കുക പ്രയാസമായിരിക്കുന്നു. വ്യക്തിയെ വിസ്മരിച്ചു സമുദായത്തെ മാനിപ്പാൻ പഠിപ്പിക്കുന്ന നാം ഗുണദോഷങ്ങളെ പങ്കിടുന്ന കാര്യത്തിലും അതേ തത്വമാണംഗീകരിക്കുന്നതു്!

V

മറെറാന്നു: ഇതു ഒരു ആഗോളസമരമായതുകൊണ്ടു സാഹിത്യകാരൻെറ ഭാവന സാർവ്വദേശീയമായ ഒരു വീക്ഷണകോണത്തെ അവലംബിക്കുന്നുണ്ടെങ്കിൽ അത്രയും പ്രശംസനീയം തന്നെ. എന്നാൽ ഇന്ത്യതന്നെ ഒരു സമരരംഗമാണെന്ന വസ്തുത അവർ വിസ്മരിച്ചു കളയുന്നതാണ് കഷ്ടം. ഇതര രാഷ്ട്രങ്ങളിൽ ജീവിതങ്ങൾ തമ്മിലാണ് യുദ്ധം നടക്കുന്നതെങ്കിൽ ഇന്ത്യയിൽ ജീവിതവും ജീവിതേച്ഛയും തമ്മിലാണ് ആയോധനം നടക്കുന്നതു്. ജീവിതാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിന്നുവേണ്ടി സർവ്വസ്വവും പരിത്യജിച്ചു ഇരുമ്പഴികളുടെ അന്ധകാരമയമായ അന്തർഭാഗത്തേക്കു അഹമഹമികയാ ഇഴഞ്ഞുചെല്ലുന്ന സ്വാതന്ത്ര്യഭടന്മാർ ഇന്ത്യയിൽ ആയിരക്കണക്കിൽ അഥവാ ലക്ഷക്കണക്കിൽ ഉണ്ടു്. ധീരന്മാരും വീരന്മാരുമായ ആ പടയാളികൾക്കു ടാങ്കുകളുടെയും പീരങ്കികളുടെയും പിൻബലമില്ലെന്ന കാരണംകൊണ്ടുമാത്രം സാഹിത്യത്തിനു അവരെ വിസ്മരിക്കാവുന്നതല്ല. മനുഷ്യചരിത്രത്തിൽ ഇദംപ്രഥമമായി ഇങ്ങനെയൊരു നിരായുധസമരമുന്നണി സൃഷ്ടിച്ച ആ വീരയോദ്ധാക്കളുടെ അപദാനങ്ങൾ ആരെത്തന്നെ ആവേശഭരിതരാക്കില്ല? അവരുടെ കുററങ്ങളെയും കുറവുകളെയും എണ്ണിയെണ്ണിപ്പറയുകയും സദുദ്ദേശ്യത്തിൻെറ സാദ്ധ്യതകളെ സംശയദൃഷ്ട്യാ വീക്ഷിക്കുകയും ചെയ്യുന്ന എനിക്കും നിങ്ങൾക്കും, പിന്നീടു മനുഷ്യവർഗ്ഗത്തിന്നാകമാനവും, വേണ്ടിയാണ് സത്യത്തേയും അഹിംസയെയും ആയുധമായി സ്വീകരിച്ചു അവർ അടരാടുന്നതെന്നുള്ളതു സർവ്വസമ്മതമത്രേ. ഇക്കഴിഞ്ഞ പത്തുകൊല്ലത്തിന്നിടയിൽ നിരായുധസമരത്തെയും അതിലെ ത്യാഗമൂർത്തികളായ ധീരയോദ്ധാക്കളെയുംപററി നാലുവരി കവിതയെങ്കിലും ഭാഷാസാഹിത്യത്തിൽ സ്ഥലംപിടിച്ചിട്ടുണ്ടോ എന്നു സംശയമാണ്. സമരമെന്നതു വെറും സായുധസമരം മാത്രമാണെന്നാണ് നമ്മുടെ ധാരണ. സാഹിത്യം പരിതസ്ഥിതിയെ പകർത്തുകയും തദ്വാരാ സമുദായത്തിന്നു സമുചിതമായ പ്രചോദനം നൽകുകയും ചെയ്യണമെന്നു നാം ശഠിക്കുന്നു. പക്ഷെ, പരിതസ്ഥിതിയെ പക്ഷപാതരഹിതമായി വീക്ഷിപ്പാൻ നാം തെയ്യാറില്ല.

അതിരിക്കട്ടെ, നമുക്കു സായുധസമരത്തിൻെറ മണ്ഡലത്തിലേക്കുതന്നെ മടങ്ങിച്ചെല്ലുക. ഈ യുദ്ധം ശാസ്ത്രത്തിന്നു നൽകീട്ടുള്ള പുരോഗതി അത്ഭുതാവഹമാണ്. രസതന്ത്രം, പ്രകൃതിശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയവ യുദ്ധഫലമായി വളരെയധികം വികസിച്ചിട്ടുണ്ടു്. സാഹിത്യത്തിൻെറ സമഗ്രതക്കു ജനതയുടെ ഭാവനകളും വികാരങ്ങളുമെന്നപോലെ ചിന്തകളും ബുദ്ധിപരമായ മററു നേട്ടങ്ങളും അതിൽ പ്രതിബിംബിച്ചേ കഴിയൂ. ഈ വീക്ഷണകേന്ദ്രത്തിൽക്കൂടി നോക്കുമ്പോഴും ഭാഷയിലെ സമരസാഹിത്യത്തിന്നു അത്രക്കൊന്നും അഭിമാനിപ്പാനവകാശമില്ല. പുതിയതരം ആയുധങ്ങളും ആയോധനരീതികളും പ്രചാരത്തിൽ വന്നുകൊണ്ടിരിയ്ക്കുയാണു ഇന്നു്. അവയെപ്പററി ഒരു സാമാന്യജ്ഞാനമെങ്കിലും ജനതക്കുണ്ടാകേണ്ടതല്ലേ? സമരത്തിൻെറ സാങ്കേതികവശങ്ങളിലും സാമർത്ഥ്യം നേടിയ സാഹിത്യകാരന്മാർ വേണം ഈ ന്യൂനത പരിഹരിയ്ക്കാൻ.

VI

ഒരു ശരിയായ സമരസാഹിത്യം എങ്ങനെയിരിയ്ക്കണമെന്ന വിചാരത്തിന്നുകൂടി ഈ പ്രകൃതത്തിൽ പ്രസക്തിയുണ്ടു്. ആ വിചാരത്തിൽ യുദ്ധത്തെ സംബന്ധിച്ച് രണ്ടഭിപ്രായം പ്രാമാണികമായി അംഗീകരിയ്ക്കേണ്ടി വരുന്നു. ആദ്യത്തേതു വർഗ്ഗീയപുരോഗതിയ്ക്കു യുദ്ധംകൂടിയേ കഴിയൂ എന്ന യാഥാസ്ഥിതികാഭിപ്രായം; രണ്ടാമത്തേതു യുദ്ധം മനുഷ്യവർഗ്ഗത്തിൽ എറിയപ്പെട്ടിട്ടുള്ള ഒരു ശാപമാണെന്നും അതിനെ നിശ്ശേഷം മാച്ചുകളയണമെന്നുമുള്ള പുരോഗമനപരമായ അഭിപ്രായം. നിങ്ങൾ യാഥാസ്ഥിതിക ചിന്തകന്മാരോടാണനുകൂലിയ്ക്കുന്നതെങ്കിൽ ജനതയുടെ സമര മനോഭാവങ്ങൾക്കു മൂർച്ചകൂട്ടുന്നതും അവയെ ധാർമ്മികമായ ഒരു പശ്ചാത്തലത്തിൽ പ്രതിഷ്ഠിപ്പാൻ സഹായിയ്ക്കുന്നതുമായ ഒരു സാഹിത്യത്തെ വളർത്തിക്കൊണ്ടു വരണം. ലോകത്തിൻെറ നിതാന്ത ബഹുമാനത്തിന്നു പാത്രീഭവിച്ചിട്ടുള്ള കവിതകളും സാഹിത്യകാരന്മാരും നാളിതുവരെ ചെയ്തുപോന്നതാണ്. ധർമ്മത്തിൻെറ ധീരകാഹളം കേൾക്കുമ്പോഴേക്കും ആ തരത്തിലുള്ള സാഹിത്യം നുകർന്നുവന്ന സമുദായം അടരിന്നു അരയും തലയും മുറുക്കുകയായി. റഷ്യയിലെ സമരസാഹിത്യത്തിന്നു ഇന്നു ആ ഒരു നില കൈവന്നുകഴിഞ്ഞിട്ടുണ്ടു്. തങ്ങളുടെ മാതൃഭൂമിയെയും സംസ്കാരത്തെയും വിഴുങ്ങാൻ വായ് പൊളിച്ചെത്തിയ നാസിസത്തെ എതിർത്തു നശിപ്പിയ്ക്കേണ്ടതു ഓരോ പൌരൻെറയും ധർമ്മമാണെന്ന വസ്തുത അവിടുത്തെ കവിതകളും സാഹിത്യകാരന്മാരും സോവ്യയററ് ജനതയിൽ കുത്തിക്കയററുന്നു; ആ ധാർമ്മികയുദ്ധത്തിൽ വീരചരമമടഞ്ഞവരുടെ അപദാനങ്ങൾ അന്യർക്കു അനുകരണീയമായവിധം പല ഭംഗിയിലും ആന്ദോളനം ചെയ്യുന്നു. ഉദാഹരണത്തിന്നു സുപ്രസിദ്ധയായ സോയയുടെ കഥതന്നെ എടുക്കുക. കവിതകളിലും നാടകത്തിലും കഥകളിലും ആ ബാലികയുടെ ആദർശജീവിതം സ്ഥലംപിടിച്ചു കഴിഞ്ഞിട്ടുണ്ടു്. സിനിമവഴിയായി അവൾ എല്ലാം ഗ്രാമീണരുടെ ഹൃദയത്തിലും പ്രവേശിയ്ക്കുന്നു. സോയയുടെ സ്വദേശസ്നേഹവും ദേശാഭിമാനവും സോവ്യററിലെ ഓരോ വ്യക്തിയെയും പുളകമണിയിച്ചുകൊണ്ടിരിയ്ക്കുകയാണ്. അങ്ങനെയുള്ള ദേശാഭിമാനവിജൃംഭിതങ്ങളും ത്യാഗപൂർണ്ണങ്ങളുമായ എത്രയോ യഥാർത്ഥജീവിതങ്ങളെ റഷ്യൻ സാഹിത്യകാരന്മാർ—ഇക്കൂട്ടത്തിൽ മാർഗാററ് അലിഗറെപ്പോലുള്ള വിദുഷികളും പെടും—അനശ്വരതയുടെ വിശാലഭിത്തിയിൽ ചിത്രീകരിച്ചിട്ടുണ്ടു്. റഷ്യയെ അന്ധമായി അനുകരിയ്ക്കുകയും റഷ്യൻ പൌരത്വത്തെ സ്വയം അഭിനയിയ്ക്കുകയും ചെയ്യുന്ന നമ്മുടെ 'ഇങ്കിലാബു സാഹിത്യകാര'ന്മാരിലാരെങ്കിലും സോവ്യററിലെ സ്വദേശസ്നേഹത്തെ മാതൃകയാക്കി, സായുധസമരത്തിലോ നിരായുധസമരത്തിലോ ഭാഗഭാക്കായി 'ആത്മാഹുതി' ചെയ്ത ഏതെങ്കിലുമൊരു കേരളീയൻെറയോ ഭാരതീയൻെറയോ ത്യാഗമധുരമായ ജീവിതത്തെ സാവേശം പ്രകീർത്തിച്ചിരുന്നെങ്കിൽ!

യുദ്ധത്തെ ഭൂമുഖത്തുനിന്ന് എന്നന്നേക്കുമായി ഇല്ലാതാക്കുക എന്നതാണല്ലോ പുരോഗമനപരമായ രണ്ടാമത്തെ ചിന്താഗതി. യുദ്ധത്തിൻെറ ബീഭത്സതയേയും നാനാമുഖമായ ദോഷങ്ങളേയും സ്ഫുടീകരിക്കുന്ന ഒരു സാഹിത്യത്തിന്നേ അതിന്നെതിരായ ഒരു ഐക്യമുന്നണിയെ സൃഷ്ടിപ്പാൻ കഴിയൂ. യഥാസ്ഥിതികസാഹിത്യം മനുഷ്യൻെറ സമരമനോഭാവത്തെ ഏറക്കുറെ ലാളിക്കുന്നതരത്തിലുള്ളതാണ്. അത്തരം മനോഭാവങ്ങളെ അവഗണിച്ചും സ്നേഹം, ദയ തുടങ്ങിയവയെ വളംവെച്ചുവളർത്തിയും വേണം സമരരഹിതമായ ഒരു ഭാവിയെ സൃഷ്ടിപ്പാൻ.

സന്തോഷമാകുന്നതു നന്ദനം വനം
സന്തതം ശാന്തിയെ കാമസുരഭികേൾ
ചിന്തിച്ചു ശാന്തിയെത്തന്നെ ഭജിക്കനീ
സന്താപമെന്നാലൊരുജാതിയുംവരാ.

എന്ന ആർഷസംസ്കാരത്തിൻെറ സന്ദേശത്തിൽ പുരോഗമനപരമായ ഈ വിചാരഗതിയാണടങ്ങീട്ടുള്ളതു്. ഭാഷയിലെ സമരസാഹിത്യത്തിൽ പുരോഗമനപരമായ അഭിപ്രായത്തിന്നു ഇനിയും മതിയായ സ്ഥാനം സിദ്ധിച്ചിട്ടില്ല. എങ്കിലും ഇതു നോക്കുക:

ഇന്നലെസ്സമുദ്ധതയുദ്ധതന്ത്രത്താൽ വിശ്വം
വെന്നതായഹങ്കരിച്ചോരു ജർമ്മനിയല്ലേ
ക്രൂരനാകിലും ചോരക്കണ്ണനാകിലും ധർമ്മോ-
ദാരനീതിതന്നാജ്ഞാകാരിയാം കാലത്താലെ
ദീനമായ് വീഴ്ത്തപ്പെട്ടു നഗ്നമായ് വാളുംതെറി-
ച്ചാനതമുഖം ചോരവമിച്ചു പിടക്കുന്നു.
മുമ്പു'പോരൊരുത്സവ'മെന്നു ഗർവ്വിച്ചാനാവിൻ
തുമ്പിനിയൊരായിരംകൊല്ലത്തേക്കനങ്ങുമോ?

* * *

സഗരംവിതച്ചിട്ടു തൻെറ നാടിനു നിത്യ-
മംഗളംകൊയ്യാമെന്നമോഹമേ, ലജ്ജിക്കൂ നീ.

(നട്ടുങ്ങട്ടെ: ജി. ശങ്കരക്കുറുപ്പ്)

ഈ വരികൾ വായനക്കാരിൽ യുദ്ധയത്നങ്ങൾക്കനുകൂലമായ ഒരു മനോഭാവത്തെയല്ല സൃഷ്ടിക്കുന്നതു്. ജർമ്മനിയുടെ പരാജയത്തിൽ കവിഹൃദയം ആഹ്ലാദം കൊള്ളുന്നില്ല; ആ പരാജയത്തിൽനിന്നു ഒരു പുതിയ തത്വം വായനക്കാർക്കു വ്യാഖ്യാനിച്ചുകൊടുക്കുന്നു. 'മുമ്പു പോരൊരുത്സവമായി'ക്കണ്ട ജർമ്മനി ആ വിചാരത്തിൻെറ ഫലമായി ആയിരം കൊല്ലത്തേക്കു അനങ്ങാൻ വയ്യാത്ത നിലയിലായി എന്നതാണ് ആ തത്വം.

(മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്).

ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)

സാമർത്ഥ്യപരീക്ഷണം

(കെ. ജോർജ്ജ്)

ഞാൻ പ്രായേണ വളരെ ജോലിത്തിരക്കുള്ള ഒരു മനുഷ്യനാണ്. സാധാരണയായി ഞാൻ എങ്ങും തന്നെ 'ഊട്ടിലുണ്ണാൻ' പോകാറു പതിവില്ല. അഥവാ വല്ലവരുടേയും നിർബ്ബന്ധം കൊണ്ടു ബുദ്ധിമുട്ടിപ്പിച്ചാൽത്തന്നെയും വളരെ ചുരുക്കമായി മാത്രമെ ക്ഷണനം സ്വീകരിക്കാറു പതിവുള്ളു. ഒരു ദിവസം ഞാൻ എന്റെ സ്കൂൾ വിട്ടു പുറത്തിറങ്ങിയപ്പോൾ, സാമാന്യം തടിച്ചു പൊക്കം കൂടിയ ഒരു മനുഷ്യൻ എന്നെ സമീപിച്ചു. ഒററനോട്ടത്തിൽത്തന്നെ ആ മാന്യൻ എന്റെ സ്കൂളിലുള്ള ഏതോ കുട്ടിയുടെ രക്ഷാകർത്താവാണെന്നു മനസ്സിലാക്കി. ഒരു അതിവിനീതനായുള്ള 'തൊഴിച്ചിലു' കൊണ്ടാണ് ഞാൻ ഈ സംഗതി ജ്ഞാനദൃഷ്ടിയിൽ അറിഞ്ഞതു്. ഏതായാലും ഞാൻ യഥാവിധി മര്യാദ ചെയ്തു. സംഗതി ചോദിച്ചപ്പോൾ തന്റെ കുട്ടികളുടെ ക്ഷേമത്തെപ്പററി ചോദിക്കാനാണു വന്നതെന്നും ഞാൻ ഒരു ദിവസം—എനിക്കിഷ്ടമുള്ള ഒരു ദിവസം—അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലണമെന്നും എനിക്കു 'ശൃംഗാരമായ ഒരു ചായ സല്ക്കാരം' ചെയ്യുമെന്നും ആയിരുന്നു, ചുരുക്കത്തിൽ പറഞ്ഞതു്. ഈ ശൃംഗാരത്തിലുള്ളതുമായ സല്ക്കാരം എന്നു പറഞ്ഞപ്പോൾ ഞാൻ അന്ധാളിച്ചു പോയി. പക്ഷെ എന്റെ അന്ധാളിപ്പ് ഞാൻ വെളിയിൽ കാണിച്ചില്ല. ഏതായാലും തല്ക്കാലം ഈ ക്ഷണനം സ്വീകരിച്ചില്ല. കൂടാതെ സാധാരണയായി കുട്ടികൾക്കു 'പ്രഹരാദി' കഷായത്തിൽ 'നുള്ളാദി' മേമ്പൊടിയും ചേർത്തുകൊടുത്തതു് ഇദ്ദേഹത്തിന്റെ കുട്ടികളെ സംബന്ധിച്ചു സ്വല്പം കൂടുതലായിപ്പോയതുകൊണ്ടു് എന്നെ ആരും കാണാതെ രഹസ്യമായി വിളിച്ചു് മുതുകു മദ്ദളമാക്കാനാണോ എന്നും ഞാൻ ഭയപ്പെട്ടു.

കുട്ടികളും രക്ഷാകർത്താവും വീണ്ടും വീണ്ടും നിർബ്ബന്ധിച്ചതിനാൽ ഒടുവിൽ പോകാൻ തന്നെ തീർച്ചയാക്കി. എന്നാൽ പോയാൽ കാര്യസാദ്ധ്യമില്ലാതെ മടങ്ങിവരാൻ എനിക്കു വലിയ വിഷമമാണ്. അതിനാൽ കുട്ടികൾ സ്കൂളിൽ വന്നാൽ അന്നുള്ള വിഭവങ്ങളെപ്പററിയും മററും ഞാൻ ചോദിക്കും. ഈ ചോദ്യം സൂത്രത്തിൽ പാഠം എടുക്കുന്ന കൂട്ടത്തിലാണെന്നോർക്കണം. അല്ലെങ്കിൽ കള്ളി വെളിച്ചത്തായിപ്പോകും. നാലഞ്ചു ദിവസത്തെ നിരന്തരപരിശ്രമത്തിന്റെ ഫലമായി അടുത്ത ശനിയാഴ്ച ആ വീട്ടിൽ 'പാലപ്പവും കോഴിയിറച്ചിയും' ഉണ്ടാകുമെന്നു മനസ്സിലാക്കി. അന്നുതന്നെ പോകണമെന്നും ഉറച്ചു.

ശനിയാഴ്ചയും ഞങ്ങൾക്കു സ്കൂൾ ഉണ്ടായിരുന്നു. അന്നും കുട്ടികളോടു മേൽപ്പറഞ്ഞ സംഗതിയുടെ പരമാർത്ഥം ഒന്നുകൂടി ഉറപ്പെടുത്തി. കുട്ടികളെ വിട്ടു് ഒരു മണിക്കൂർകൂടി കഴിഞ്ഞപ്പോൾ കൂട്ടുവാദ്ധ്യാന്മാരോടു 'ഗുഡ്ബൈ'യും പറഞ്ഞ് കുടയും എടുത്തു് പപ്പുശ്ശാരുടെ (ഇതായിരുന്നു കുട്ടികളുടെ അച്ഛന്റെ പേർ) വീട്ടിലേയ്ക്കു തിരിച്ചു. ഏകദേശം ആറുമണിയോടു കൂടി പപ്പുശ്ശാരുടെ വീട്ടിൽ എത്തി. തന്റെ പ്രേമസർവ്വസ്വവും കുട്ടികളും എല്ലാം ഉത്സാഹഭരിതരായിത്തന്നെ ഞാൻ കണ്ടു. പതിവിൽക്കവിഞ്ഞ ഈ ഉത്സാഹം അല്പം തിന്നാനല്ലെ? ഏതായാലും രാത്രി അവിടെക്കഴിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു ഞാനും ചെന്നിരുന്നതു്.

പപ്പുശ്ശാർ എന്നെക്കണ്ടയുടൻ ആദരവു നടിച്ചു. ഒരു "ഇസ്റ്റൂൾ" കൊണ്ടുവന്നു അതിൽ ഇരിക്കാൻ പറഞ്ഞു, ഞാൻ ഇരുന്നു. സംഭാഷണവും ആരംഭിച്ചു. രാമായണം, ഭാരതം ഇവയിലെ ചില ഭാഗങ്ങൾ ചൊല്ലിക്കേൾപ്പിക്കണമെന്നു പറഞ്ഞ് അതുപോലെ വായിച്ചു കേൾപ്പിച്ചു. ഞാൻ കൂടെക്കൂടെ അടുക്കളവാതുക്കലേക്കു നോക്കുന്നുണ്ടു്. നോക്കിനോക്കി എന്റെ കണ്ണു കഴച്ചു. മഹാപാപി ഈ വേലയെടുത്തതിന്റെ കൂലിയായി ഒരു ഗ്ലാസു പച്ചവെള്ളം പോലും തന്നില്ല. ഏകദേശം എട്ടരമണിയായപ്പോൾ പപ്പുശ്ശാരു പറകയാണ് "പിന്നേയ്! ഒരു വലിയ ചൂട്ടിങ്ങു കത്തിച്ചോ." ഞാൻ ചോദിച്ചു "എന്തിനാണ് ചൂട്ട്? എനിക്കു ചൂട്ടു വേണ്ട. ഞാൻ എങ്ങും പോകുന്നില്ലല്ലൊ." വീണ്ടും പപ്പുശ്ശാർ ചോദിച്ചു "അപ്പോഴ് സാർ ഉണ്ടോ?" ഞാൻ പറഞ്ഞു "ഞാൻ ഊണുംകഴിച്ചിട്ടില്ല." ഞാൻ ഉണ്ണാതെ പോകില്ല എന്നറിഞ്ഞപ്പോൾ പാപ്പുശ്ശാരുടെ സന്തോഷമെല്ലാം പോയി. ഇവർക്കു ഈ സാധനങ്ങൾ എനിക്കു തരാതെ അവർതന്നെ തിന്നണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഇത്ര പ്രയാസം കഴിച്ച് അന്വേഷിച്ചറിഞ്ഞ് വന്നിട്ട് ഞാൻ ഇതു കഴിക്കാതെ പോകയില്ലെന്ന് ഞാനും മനസ്സിൽ ഉറച്ചു. ഈ മാന്യൻ (പപ്പുശ്ശാർ) കുറെ നേരം, ആലോചിച്ചിരുന്നതിന്റെശേഷം ആ 'പിന്നെ'യുടെ ചെവിയിൽ എന്തോ ഒന്നു മന്ത്രിച്ചു. കുറെക്കഴിഞ്ഞപ്പോൾ ആ നതാംഗി കുറെ നെല്ല് ഒരു കുട്ടയിൽ എടുത്തിട്ട് ഞാനിരിക്കുന്ന ഭാഗത്തുകൂടിവന്ന് കുറെ താഴെ തൂക്കിയിട്ട് വീട്ടിലേയ്ക്കു കയറിപ്പോയി. ഇതു കണ്ട് പപ്പുശ്ശാർക്കു ദേഷ്യം വന്നു. മുറിക്കുള്ളിൽ പോയി ഭാര്യയുടെ അടുക്കൽ ചെന്ന്, ഞാൻ കേൾക്കെ 'എടീ നിന്റെ അച്ഛന്റെ വീട്ടിൽനിന്നും കൊണ്ടുവന്നതാണോ ഈ നെല്ല്. നിനക്ക് ഇത്ര തെമ്മാടിത്തരമായിപ്പോയോ?" എന്നും മററും കുറെ അസഭ്യങ്ങൾ പറഞ്ഞ് ചില പ്രഹരങ്ങൾ അങ്ങുമിങ്ങും കൊടുത്തു. "എന്നെ ഇതിനു ഇത്ര അടിക്കാനുണ്ടോ. തന്റെ അച്ഛനല്ല എന്നെ ഇത്രയും ചോറുതന്നു വളർത്തിയതു്. മഹാപാപി നശിച്ചു പോകും" എന്ന് അലറി 'വലിയ വായിൻ' നിലവിളിച്ചുകൊണ്ടു് ഭാര്യ വീട്ടിൽ നിന്നും ഇറങ്ങിപ്പോയി. ഇതു കേട്ടു അവിടെയുള്ള കുട്ടികളും "എന്റെ അമ്മേ" എന്നു നിലവിളിച്ചുകൊണ്ടു അമ്മയുടെ പുറകെ തിരിച്ചു. "എന്നാൽ ഇവർക്കു ഞാൻ കാണിച്ചുകൊടുക്കാം. അവർക്കു ഇത്ര അഹമ്മതിയായിപ്പോയോ" എന്നു പറഞ്ഞ് പപ്പുശ്ശാരും വീട്ടിൽ നിന്നും ഇറങ്ങിപ്പോയി!

ഭഗവാനെ ഈ രാത്രി ഞാൻ അറിയാത്ത ഒരു വീട്ടിൽ ഞാനും അവിടുത്തെ പൂച്ചയും മാത്രം ശേഷിച്ചു. അര മണിക്കൂർ അവിടെയിരുന്നു. ആരെയും കണ്ടില്ല. എന്നാൽ വീട്ടിലേയ്ക്കു മടങ്ങാമെന്നു വിചാരിച്ചു. പാലപ്പത്തിന്റേയും കോഴി ഇറച്ചിയുടേയും കഥ ഓർത്തപ്പോൾ എന്റെ മനസ്സു പതറിപ്പോയി. മനസ്സ് എന്നെ പോകാൻ അനുവദിച്ചില്ല. ഏതായാലും അവിടെയുണ്ടായിരുന്ന സാമാന്യം വലിയ ഒരു അരിപ്പെട്ടിയിൽ കയറി ഇരിക്കാമെന്നു വിചാരിച്ചു അതിൽ കയറി ഇരുന്നു.

ഏകദേശം ഒരു മണിക്കൂർ കൂടി കഴിഞ്ഞപ്പോൾ പപ്പുശ്ശാരും ഭാര്യയും കുട്ടികളും പതുക്കെ ശബ്ദമുണ്ടാക്കാതെ വന്നു വീട്ടിലേയ്ക്കു എത്തിനോക്കി. ഞാൻ അവിടെ ഇല്ലെന്നു കണ്ടപ്പോൾ പറകയാണ്.

ഭാര്യ: "ഞാൻ ചിന്താതെ തുകൃതു കണ്ടോ?"

ഭർത്താ: "അപ്പോൾ ഞാൻ നോവാതടിച്ചതു കണ്ടോ?"

ഇതു കേട്ടപ്പോൾ എനിക്കു ദേഷ്യംവന്നു. ഞാൻ മെല്ലെ അരിപെട്ടിയിൽ നിന്നും ഇറങ്ങി അവരുടെ മുൻപിൽ ചെന്നു.

ഞാൻ: "എന്നാൽ ഞാൻ പോകാതിരുന്നതു കണ്ടോ?"

പപ്പുശ്ശാർ വിളറിപ്പോയി..............!!

ചിരിയും ചിന്തയും

സുപ്രസിദ്ധരാജ്യതന്ത്രജ്ഞന്മാരായിരുന്ന ആ രണ്ടുപേരും ഗ്ലാഡ്സ്റ്റണും ഡിസ്രേലിയും എപ്പോഴും വാഗ്വാദങ്ങളിലേപ്പെട്ടിരുന്നു. ഒരു ദിവസം ഗ്ലാഡ്സ്റ്റൺ പറഞ്ഞു:

"മി. ഡിസ്രേലി, നിങ്ങൾ തൂക്കുമരത്തിൽ വെച്ചോ, അഥവാ ഒരു മഹാരോഗം പിടിപ്പെട്ടോ മരിക്കും."

ഡിസ്രേലി ശാന്തമായി മറുപടി പറഞ്ഞു: "മി. ഗ്ലാഡ്സ്റ്റൺ ഞാൻ നിങ്ങളുടെ തത്വത്തേയോ, ഭാര്യയേയോ ആലിംഗനം ചെയ്യുന്നതനുസരിച്ചാണ് അക്കാര്യമിരിക്കുന്നതു്."

* * *

വാൾട്ടയറുടെ ഒരു സ്നേഹിതൻ ഒരിക്കൽ അദ്ദേഹത്തോടു ഒരു സുപ്രസിദ്ധ നിരൂപകനെപ്പററിപറഞ്ഞു.

"ഒരു പ്രാപ്തനായ ആൾ അല്ലേ?" വാൾട്ടയർ ചോദിച്ചു.

"നിങ്ങൾ ഒരു കള്ളത്തെമ്മാടിയാണ് എന്നാണ് ആയാൾ പറഞ്ഞതു്" സ്നേഹിതൻ വിവരിച്ചു.

"എന്നാൽ" വാൾട്ടയർ തട്ടിമൂളിച്ചു. "ഞങ്ങൾക്ക് രണ്ടുപേർക്കും അബദ്ധം പററിയിരിക്കുന്നു."

* * *

മാർക്‌ടേൻ ഇന്ത്യയിൽ വന്നപ്പോൾ ഡോബികൾ അലക്കുന്നതു കണ്ടു. അതു അദ്ദേഹത്തിനു ഒരു പുതിയ അനുഭവമായിരുന്നു.

"അപ്പോൾ മാന്യരേ, ഇദംപ്രഥമമായിട്ടാണ് ഒരു കുപ്പായംകൊണ്ടു ഒരാൾ കല്ലു മുറിക്കാൻ ശ്രമിക്കുന്നതു ഞാൻ കാണുന്നതു്."

* * *

ടോമി വാഡൽട്ടനു 17 വയസ്സുമാത്രമേ പ്രായമായിട്ടുള്ളു. പക്ഷെ അദ്ദേഹം മൂന്നു പുസ്തകങ്ങൾ എഴുതിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഏററവും നല്ല പുസ്തകം 'Army Brat' എന്നതാണ്. അതിനു ഹോളിവുഡ്ഡിലെ ഒരു സിനിമാ കമ്പനിക്കാർ 25,000 ഡോളർ കൊടുത്തിരിക്കുന്നു. ഇപ്പോഴും അദ്ദേഹം ഒരു വിദ്യാർത്ഥിയാണ്.

* * *

"നീ ബീഡി വലിയ്ക്കുമെന്നു നിന്റെ അമ്മയ്ക്കറിയാമോ?" വഴിയിൽക്കൂടെ പോകുന്നതിനിടയ്ക്കു് ആയമ്മ ചോദിച്ചു.

"തെരുവിൽവെച്ചു അപരിചിതന്മാരുമായി നിങ്ങൾ സംസാരിക്കുന്നുണ്ടെന്നു നിങ്ങളുടെ ഭർത്താവിന്നറിയാമോ?" ചെറുക്കൻ തിരിച്ചടിച്ചു.

* * *

"ഇന്നലെ നിങ്ങൾ കൊടുത്തയച്ച മുട്ട എനിക്ക് പിടിച്ചില്ല."

"എന്താണ് തരക്കേട്?"

"പ്രായത്തിനൊത്ത വലുപ്പമില്ല അവയ്ക്കു്."

* * *

"നീ യേതിലേ കടന്നു വന്നു?"

"വാതിൽക്കലൂടെ."

"അവിടെ 'പ്രവേശനമില്ല' എന്നെഴുതിയ ബോർഡു കണ്ടില്ലേ?"

"പക്ഷെ അവിടെ പ്രവേശനമുണ്ടായിരുന്നു."

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.